കേരള സർക്കാർ

സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# തുറവൂർ ഗ്രാമപഞ്ചായത്ത്
# ഓഡിറ്റ് റിപ്പോർട്ട്
# 2017-18

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് ഓഫീസ്
എറണാകുളം

e-mail:doekm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നം.KSAEKM.(പി4)2043/2018

സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് ഓഫീസ്
എറണാകുളം ജില്ല
തീയതി.02/11/2018
e-mail.lfadekm@gmail.com
0484- 2422771

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് ,
തുറവൂർ ഗ്രാമ പഞ്ചായത്ത് (സെക്രട്ടറി മുഖേന)

സർ,

വിഷയം :തുറവൂർ ഗ്രാമപഞ്ചായത്ത് - 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തുറവൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2 ലെ ഖണ്ഡികകളിലേയ്ക്കും ഭാഗം 3 ലെ ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

.

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :
1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം.
3)കാര്യാലയ പകർപ്പ്.

നം.കെ.എസ്.എ-ഇ.കെ.എം.(പി4)2043/18

സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് ഓഫീസ്
എറണാകുളം ജില്ല
തീയതി.02/11/2018.
e-mail.lfadekm@gmail.com
0484- 247771

## എറണാകുളം ജില്ലയിലെ തുറവൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

എറണാകുളം ജില്ലയിലെ തുറവൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 1.4.2017 മുതൽ 16.9.2018 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചിട്ടുണ്ട്.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഇതിൽ 12 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 7 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾക്കുള്ള മറുപടി എക്സിറ്റ് മീറ്റിംഗിൽ ചർച്ച ചെയ്തതിനു ശേഷമാണ് പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റ് നടത്താൻ ചുമതലപ്പെട്ട ഉദ്യോഗസ്ഥ | ശ്രീമതി.ജയ.സി.ആർ. ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 17.09.2018 മുതൽ 01.10.2018 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി. ഷേർളി പീറ്റർ | ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ) |
| | ശ്രീ. പ്രസാദ്.പി.ജി | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ.ശ്രീജിത്ത്.സി.ഡി | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീമതി ഷൈബി.ഇ.ഡി | സീനിയർ ഗ്രേഡ് ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

.

| സ്ഥാനപ്പേര് | പേര് | കാലയളവ് |
|---|---|---|
| പ്രസിഡന്റ് | ശ്രീ.കെ.വൈ.വർഗീസ് | 01.04.2017 മുതൽ 31.03.2018വരെ |

സെക്രട്ടറി

.

| പേര് | കാലയളവ് |
|---|---|
| ശ്രീമതി. മാലതി കെ വി | 01.04.2016 മുതൽ 04.01.2018 FNവരെ |
| ശ്രീ എ വി ഷാജൻ (ഇൻ ചാർജ്ജ്) | 04.01.2018 AN മുതൽ 21.01.2018 വരെ |
| ശ്രീ.മുഹമ്മദ് സിറാജ് പി.എ | 22.01.2018 മുതൽ 31.03.2018വരെ |

.

നിർവ്വഹണോദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് | |
|---|---|---|---|
| | | മുതൽ | വരെ |
| അസിസ്ററന്റ് സെക്രട്ടറി | ശ്രീ എ. വി. ഷാജൻ | 01.04.2017 | 31.03.2018 |
| മെഡിക്കൽ ഓഫീസർ(അലോപ്പതി) | ഡോ.ലിജ ദിവാകരൻ | 01.04.2017 | 31.03.2018 |
| ഐ സി ഡി എസ് സൂപ്പർവൈസർ | ശ്രീമതി റീന പി.ടി. | 01.04.2017 | 31.03.2018 |
| കൃഷി ഓഫീസർ | ശ്രീമതി പി. രാജശ്രീ | 01.04.2017 | 31.03.2018 |

| | | | |
|---|---|---|---|
| മെഡിക്കൽ ഓഫീസർ(ആയുർവേദം) | ഡോ.ബിന്ദു തോമസ് | 01.04.2017 | 31.03.2018 |
| മെഡിക്കൽ ഓഫീസർ(ഹോമിയോ) | ഡോ.സിനി ഇഗ്നേഷ്യസ് | 01.04.2017 | 31.03.2018 |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി അനുപ്രിയ ആർ. | 01.04.2017 | 31.03.2018 |
| വെറ്ററിനറി സർജ്ജൻ | ഡോ.പ്രിയ മാത്യു | 01.04.2017 | 31.03.2018 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീ പി.ആർ. സജീവ് കുമാർ | 01.04.2017 | 03.12.2017 |
| | ശ്രീ.ഗോപകുമാർ എ. | 04.12.2017 | 31.03.2018 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ(ഉറവൂർ) | ശ്രീമതി ജോയ്സി കെ.ജെ. | 01.04.2017 | 31.03.2018 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ(കിടങ്ങൂർ) | ശ്രീമതി സിമ്മി യു. ബി. | 01.04.2017 | 31.03.2018 |

ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നം |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷിക കണക്കുകളിലെ അപാകതകൾ | 1-12 |
| | ഭാഗം 2 | |
| 13 | ആസൂത്രണ സമിതി, വർക്കിംഗ് ഗ്രൂപ്പുകൾ എന്നീ ഘടകങ്ങളുടെ പ്രവർത്തനങ്ങളിലെ അപാകതകൾ | 2-1 |
| 14 | ഗുണഭോക്താക്കളുടെ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട അപാകതകൾ | 2-2 |
| 15 | ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി- അവലോകനം | 2-3 |
| 16 | അങ്കണവാടി കെട്ടിടത്തിന് നൽകിയിരിക്കുന്നത് അനധികൃത കെട്ടിടനമ്പർ | 2-4 |
| 17 | തൊഴിൽ നികുതി വരുമാന സ്റ്റേറ്റ്മെന്റിൽ ക്രമക്കേട്- പഞ്ചായത്തിന് വരുമാന നഷ്ടം | 2-5 |
| | ഭാഗം 3 | |
| 18 | പൊതു ടാപ്പുകൾ- വെള്ളക്കരം അടവാക്കുന്നത് ടാപ്പുകളുടെ കൃത്യമായ കണക്കില്ലാതെ | 3-1 |
| 19 | സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ് , തെരുവ് വിളക്കുപകരണങ്ങൾ വാങ്ങൽ | 3-2 |
| 20 | കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ | 3-3 |
| 21 | പദ്ധതികളുടെ മുഴുവൻ ആനുകൂല്യവും ഗുണഭോക്താക്കൾക്ക് നൽകുന്നില്ല. | 3-4 |

| | | |
|---|---|---|
| 22 | വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല- ചെലവുതുക തടസ്സപ്പെടുത്തുന്നു | 3-5 |
| | ഭാഗം 4 | |
| 23 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 24 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 25 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 26 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 27 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 28 | ഓഡിറ്റ് റിക്കവറി | 4-6 |
| 29 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 |
| 30 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4-8 |
| 31 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 32 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |
| 33 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം1 |
| 34 | ബാലൻസ് ഷീറ്റ് | അനുബന്ധം2 |
| 35 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 36 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | |



# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2017-18 ലെ ബജറ്റ് 28.3.2017 തീയതിയിലെ 1(1) നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 28.3.2018 തീയതിയിലെ 1(2) നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്.

## 1-2 വാർഷിക ധനകാര്യപത്രിക.

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2017-18 | 31.7.2018 | 18.5.2018 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരി ശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 19.6.2018 & 20.6.2018 | കെ.എസ്.എ-ഇ.കെ.എം(പി.ജി)1786(73)/2018 തീയതി 30.08.2018 |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 19810247.52 |
| വരവ് | 65501256.00 |
| ആകെ | 85311503.52 |
| ചെലവ് | 75466974.00 |

| | |
|---|---|
| നീക്കിയിരിപ്പ് | 9844529.52 |

# 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | മുൻ ബാക്കി | വരവ് | ആകെ | ചെലവ് | ചെലവഴിക്കാതെ പോയ തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|---|
| വികസനഫണ്ട് - ജനറൽ(ACR പ്രകാരം) | | 0 | 10038113 | 10038113 | 10038113 | 0 | 0 |
| വികസന ഫണ്ട് -എസ്.സി.പി. (ACR പ്രകാരം) | | 0 | 3159070 | 3159070 | 2959985 | 199085 | 0 |
| വികസനഫണ്ട് -ടി.എസ്.പി. (ACRപ്രകാരം) | | 0 | 10996 | 10996 | 0 | 10996 | 0 |
| സംരക്ഷണ ഗ്രാന്റ്-റോഡ് (ACR പ്രകാരം) | | 0 | 17115182 | 17115182 | 17115182 | 0 | 0 |
| സംരക്ഷണ ഗ്രാന്റ്-നോൺറോഡ് (ACRപ്രകാരം) | | 0 | 2697087 | 2697087 | 2593722 | 103365 | 0 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | 0 | 4590774 | 4590774 | 4590774 | 0 | 0 |
| ലോകബാങ്ക് ധനസഹായം (ACR പ്രകാരം) | | 0 | 1684052 | 1684052 | 1684052 | 0 | 0 |
| സാക്ഷരത | | 96409.64 | 3734 | 100143.64 | 0 | 0 | 100143.64 |
| ദുരിതാശ്വാസനിധി | | 10488 | 1342 | 11830 | 61 | 0 | 11769 |
| എം.ജി.എൻ. ആർ.ഇ. ജി.എസ് | തൊഴിൽ കൂലി | | 8741104 | 8741104 | 8741104 | 0 | 0 |
| | അഡ്മിനിസ്ട്രേഷൻ ചെലവ് | 144660 | 566779 | 711439 | 708275 | 0 | 3164 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ-അംഗൻവാടി പൂരകപോഷകാഹാരം | | 575802 | 714188 | 1289990 | 592006 | 0 | 697984 |
| ജോയിന്റ് വെഞ്ചർ | ബ്ലോക്ക് പഞ്ചായത്ത് | 500000 | 1432150 | 1932150 | 390000 | 0 | 1542150 |
| | ജില്ലാ പഞ്ചായത്ത് | 0 | 3650000 | 3650000 | 150000 | 0 | 3500000 |
| ബി ഫണ്ട് ** | | 0 | 324036 | 324036 | 324036 | 0 | 0 |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 13415008.88 | 14480841 | 27895849.88 | 19209126 | 0 | 8686723.88 |

| | | | | | | | |
|---|---|---|---|---|---|---|---|
| | ട്രഷറി അക്കൗണ്ട്* | 5643580 | 7570027 | 13213607 | 13762066 | 0 | (-) 548459 |
| മറ്റിനം- എം.എൻ.ലക്ഷംവീട് പദ്ധതി | | 101 | - | 101 | - | 0 | 101 |

* ജനറൽ പർപ്പസ് ഗ്രാന്റ് ഉൾപ്പെടെ

** റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള തുക

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 180 | 67504095 | 150 | 48611070 | 29 | 1 | 84% |

.

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല.

ഗ്രാമപഞ്ചായത്തിന്റെ വികസന, ക്ഷേമ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് നടപ്പാക്കുന്നതിൽ വിവിധ നിർവ്വഹണോദ്യോഗസ്ഥർ കൈവരിച്ച നേട്ടത്തിന്റെ വിശകലനം ഇതോടൊപ്പം ചേർക്കുന്നു.

| നിർവഹണ ഉദ്യോഗസ്ഥന്റെ വിവരം | ഏറ്റെടുത്ത പ്രോജക്ടുകൾ | നടപ്പാക്കിയ പ്രോജക്ടുകൾ | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|
| സെക്രട്ടറി | 38 | 33 | 8426470 | 7042560 | 83.5% |
| അസി. സെക്രട്ടറി | 11 | 9 | 3655329 | 2303295 | 63% |
| അസി.എഞ്ചിനീയർ | 100 | 81 | 38095177 | 27957445 | 73.38% |
| കൃഷി ഓഫീസർ | 7 | 7 | 1555276 | 1553126 | 99.86% |
| വെറ്റിനറി സർജൻ | 2 | 2 | 900000 | 900000 | 100% |
| മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) | 6 | 5 | 1608493 | 1549069 | 96.3% |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | 1 | 1 | 680000 | 680000 | 100% |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | 1 | 1 | 150000 | 150000 | 100% |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | 400000 | 400000 | 100% |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 6 | 6 | 3203350 | 3062575 | 95.6% |
| വി.ഇ.ഒ | 5 | 4 | 5730000 | 821000 | 14.32% |

ആസൂത്രണ പ്രക്രിയയിലൂടെ പ്രാദേശിക സാമ്പത്തിക വികസനവും സാമൂഹ്യ സുരക്ഷയുമാണ്

ജനകീയാസൂത്രണം രണ്ടാം ഘട്ടം ലക്ഷ്യമിടുന്നത്. നാളിതുവരെ നടപ്പിലാക്കിയ പദ്ധതികളിൽ നിന്ന് വ്യത്യസ്തമായി ഈ ലക്ഷ്യം മുൻ നിർത്തി പദ്ധതികൾ ആവിഷ്കരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. പഞ്ചായത്തിലെ 60% കുടുംബങ്ങൾ പ്രത്യക്ഷമായോ പരോക്ഷമായോ കൃഷിയെ ആശ്രയിക്കുന്നു. 750 ഹെക്ടർ പ്രദേശത്ത് പലവിധ കൃഷികളുണ്ട്. 1996 ൽ 350 ഹെക്ടർ നെൽകൃഷി എന്നത് നിലവിൽ 65 ഹെക്ടറായി ചുരുങ്ങിയെന്നും, പാടശേഖരസമിതികൾ താരതമ്യേന നിർജ്ജീവമാണെന്നും സ്റ്റാറ്റസ് റിപ്പോർട്ട് പറയുന്നു. തരിശുനിലങ്ങൾ കൃഷി യോഗ്യമാക്കാനും ലിഫ്റ്റ് ഇറിഗേഷൻ കാര്യക്ഷമമാക്കാനും വിഭാവനം ചെയ്തിരുന്നെങ്കിലും ഇത്തരത്തിലുള്ള പ്രോജക്ടുകൾ നടപ്പിലാക്കാൻ ശ്രമിച്ചിട്ടില്ല. എന്നാൽ കൃഷിയുടെ വർക്കിംഗ് ഗ്രൂപ്പ് വളരെ സജീവമാണ്. കൃഷി ഓഫീസർ വർക്കിംഗ് ഗ്രൂപ്പ് ചേർന്ന് പദ്ധതി അവലോകന യോഗങ്ങൾ 7 തവണ നടത്തിയെന്നുള്ളത് അഭിനന്ദനാർഹമാണ്.

ബാലൻസ് ഷീറ്റിലെ ബി 4 ഷെഡ്യൂൾ പ്രകാരം ഐ.സി.ഡി.എസ്. കേന്ദ്ര വിഹിതമായി 697984/-രൂപ അവശേഷിക്കുന്നുണ്ട്. സർക്കാർ ഉത്തരവ് നം 39033/ഡിസി2/2010.തീയതി.തസ്വഭവ.3.9.10പ്രകാരം പൂരകപോഷകാഹാരപദ്ധതിയിൽ ശേഷിക്കുന്ന തുക അങ്കണവാടികൾക്ക് സ്ഥലം വാങ്ങുക,കെട്ടിടം പണിയുക, ഭൗതികസൗകര്യങ്ങൾ മെച്ചപ്പെടുത്തുക,കളിക്കോപ്പുകൾ വാങ്ങുക എന്നീ കാര്യങ്ങൾക്ക് ഉപയോഗിക്കാമെന്ന് വ്യക്തമാക്കുന്നു. പഞ്ചായത്തിലെ അങ്കണവാടികളുടെ ഭൗതികസൗകര്യങ്ങൾ മെച്ചപ്പെടുത്താനും, സുരക്ഷ ഉറപ്പാക്കാനും ഭരണസമിതിയും, ക്ഷേമകാര്യ സമിതിയും ശ്രദ്ധിക്കേണ്ടതാണ്.

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | തൻവർഷ വരവ് | ആകെ വരവ് | ചെലവ് | നീക്കി യിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവുകൾ | 144660 | 566779 | 711439 | 708275 | 3164 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നല്കുന്നത് | 0 | 8741104 | 8741104 | 8741104 | 0 |
| ആകെ | 144660 | 9307883 | 9452543 | 9449379 | 3164 |

.

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 5400 | 9 |
| കർഷകതൊഴിലാളി പെൻഷൻ | 1987100 | 168 |
| വിധവാപെൻഷൻ | 10654700 | 897 |
| വാർദ്ധക്യകാലപെൻഷൻ | 23872700 | 1905 |
| വികലാംഗപെൻഷൻ | 3568100 | 300 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതകൾക്കുള്ള ധനസഹായം | 240000 | 8 |
| വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം | 845200 | 70 |

## 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 22/09/2018 3.30 പി.എം.ന് ഹെഡ്ക്ലർക്കിന്റെ സാന്നിധ്യത്തിൽ നടത്തി. പരിശോധനയിൽ 8651/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം

വിവിധ വിഭാഗം ജീവനക്കാരുടെ കർത്തവ്യങ്ങൾ വ്യക്തമായി രേഖപ്പെടുത്തിയ ജോലിവിഭജനരേഖ സ്ഥാപനത്തിൽ പരിപാലിച്ചിട്ടുണ്ട്. ധന ഇടപാടുകളുടെ വിവിധ രേഖകൾ ജോലിവിഭജന പ്രകാരം വിവിധ ജീവനക്കാർ പരിപാലിച്ചുവരുന്നുണ്ട്. നികുതിപിരിവിന്റെ കാര്യക്ഷമത വിലയിരുത്തി നികുതിപിരിവ് ഊർജ്ജിതമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകുന്നുണ്ട്.

വാങ്ങലുകൾ ചുമതലപ്പെട്ട പർച്ചേസിംഗ്/പ്രൊക്യൂർമെന്റ് കമ്മിറ്റികളാണ് നടത്തുന്നത്. ആസ്തി രജിസ്റ്ററിൽ റോഡുകളുടെ വിവരങ്ങൾ കാലികമാക്കി സൂക്ഷിക്കുന്നുണ്ട്. റോഡ് കണക്ടിവിറ്റി പ്ലാൻ തയ്യാറാക്കിയിട്ടുണ്ടെങ്കിലും സോഷ്യൽ മാപ്പ് തയ്യാറാക്കിയിട്ടില്ല.

രജിസ്റ്ററുകളുടെ പരിപാലനത്തിൽ താഴെപ്പറയുന്ന പോരായ്മകൾ കാണുന്നു.

1. ഫ്യുവൽ രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

2. കോടതി വ്യവഹാരങ്ങൾ സംബന്ധിച്ച വിവരങ്ങൾ സ്യൂട്ട് രജിസ്റ്ററിൽ ചേർത്തിട്ടുണ്ടെങ്കിലും വക്കീൽ ഫീസ് നൽകുന്നതിന്റെ വിവരങ്ങൾ ടി രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്തുന്നില്ല.

3. ബിൽഡിംഗ് പെർമിറ്റ് രജിസ്റ്ററിൽ 2018 ജനുവരി, ഫെബ്രുവരി മാസങ്ങളിൽ നിർമ്മാണാനുമതി നൽകിയ കെട്ടിടങ്ങളുടെ വിസ്തീർണ്ണം ചേർത്തിട്ടില്ല.

4. സ്റ്റോക്ക് പരിശോധന ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥൻ കാലാകാലങ്ങളിൽ നിർവ്വഹിക്കുന്നില്ല.

ആഭ്യന്തര നിയന്ത്രണവുമായി ബന്ധപ്പെട്ട മറ്റ് ഓഡിറ്റ് നിർദ്ദേശങ്ങൾ.

1. നേരിട്ട് ഗുണഭോക്താക്കൾക്ക് ബാങ്കിലേക്ക് തുക നൽകുന്ന സാഹചര്യങ്ങളിൽ തുക ഗുണഭോക്താക്കൾ ലഭ്യമായി എന്ന് ഉറപ്പിക്കാനാകുന്നില്ല. മനപ്പൂർവ്വമോ, ബില്ല് തയ്യാറാക്കുന്ന വേളയിൽ അക്കൗണ്ട് നമ്പർ തെറ്റായി ചേർക്കുന്നത് മൂലമോ, ട്രഷറി/ബാങ്ക് എന്നിവിടങ്ങളിലെ അപാകതകൾ മൂലമോ തുക ഗുണഭോക്താവിന് ലഭിക്കാതിരിക്കാനുള്ള സാദ്ധ്യത നിലനിൽക്കുന്നുണ്ട്. പഞ്ചായത്ത് നൽകുന്ന ധനസഹായം ഗുണഭോക്താവിന് ലഭിച്ചു എന്ന് ഉറപ്പാക്കേണ്ട ചുമതലയും ആയത് ഓഡിറ്റിനെ ബോദ്ധ്യപ്പെടുത്തേണ്ട ചുമതലയും നിർവഹണ ഉദ്യോഗസ്ഥനുണ്ട്. ആയതിനായി എല്ലാ ഗുണഭോക്താക്കളുടെയും ഫോട്ടോ പതിപ്പിച്ച ബാങ്ക് പാസ്ബുക്കിന്റെ ആദ്യപേജിന്റെ പകർപ്പ്, ഗുണഭോക്താക്കളുടെ പേരും അക്കൗണ്ട് നമ്പരും എഴുതിയ ട്രഷറി/ബാങ്ക് സാക്ഷ്യപ്പെടുത്തിയ സ്റ്റേറ്റ്മെന്റ് ആയത് ലഭ്യമല്ലെങ്കിൽ ഗുണഭോക്താവിന്റെ പാസ്ബുക്കിന്റെ തുക ലഭ്യമായത് രേഖപ്പെടുത്തിയ പേജിൽ അക്കൗണ്ട് നമ്പർ രേഖപ്പെടുത്തി സ്വയം സാക്ഷ്യപ്പെടുത്തിയതിന്റെ പകർപ്പ് ഇവ ബന്ധപ്പെട്ട പ്രൊജക്റ്റിന്റെ ഫയലിൽ സൂക്ഷിക്കണമെന്ന് നിർദ്ദേശിക്കുന്നു.

2. ഗ്രാമ പഞ്ചായത്തിൽ ഉപയോഗിക്കുന്ന സോഫ്റ്റ് വെയറുകളിൽ സാംഖ്യ, സേവന, സൂചിക, സ്ഥാപന, സചിത്ര എന്നിവ ലോക്കൽ സർവറുകളിൽ നിന്ന് ഉപയോഗിക്കപ്പെടുന്ന സോഫ്റ്റ്‌വെയറുകളാണ്. ആയതിന്റെ ഡാറ്റാ ബാക്ക് അപ് കൃത്യമായി ചെയ്യേണ്ടതാവശ്യമാണ്. നിലവിൽ പഞ്ചായത്ത് എല്ലാ സോഫ്റ്റ് വെയറുകളുടെയും ഇൻക്രിമെന്റൽ രീതിയിലുള്ള ബാക്ക് അപ് ചെയ്യുന്നതായും ആയത് പ്രതിമാസം ക്ളൗഡ് സർവറിൽ (ഗൂഗിൾ ഡ്രൈവ്) സൂക്ഷിക്കുന്നുണ്ടെന്നും വ്യക്തമാകുന്നു. കേരളത്തിൽ സമീപകാലത്ത് സംഭവിച്ച മഹാപ്രളയത്തിന്റെ പശ്ചാത്തലത്തിൽ എക്സ്റ്റേണൽ മെമ്മറിയിൽ ദിവസേനയോ ആഴ്ചയിലൊരിക്കലോ ബാക്ക് അപ് ചെയ്ത് സാദ്ധ്യമാണെങ്കിൽ ഗ്രാമപഞ്ചായത്ത് ഓഫീസിന് പുറത്ത് സുരക്ഷിതമായി സൂക്ഷിക്കാൻ (തദ്ദേശ ഭരണവകുപ്പിന്റെ അനുമതിക്ക് വിധേയം) ഓഡിറ്റ് നിർദ്ദേശിക്കുന്നു. ഇങ്ങനെ ചെയ്യുമ്പോൾ ബാക്ക് അപ് ഡാറ്റയുടെ സുരക്ഷ പരമപ്രധാനമായിക്കാണേണ്ടതാണ്. ബാക്ക് അപ് പ്രോസസ്സിന്റെ കൃത്യമായ രേഖകൾ തയ്യാറാക്കി (documentation) സൂക്ഷിക്കുന്നത് പ്രവർത്തനങ്ങളിലെ സുതാര്യത വർദ്ധിപ്പിക്കുന്നതാണ് .

3. തുറവൂർ ഗ്രാമപഞ്ചായത്തിൽ ശക്തമായ പാസ്‌വേർഡ് പ്രൊട്ടക്ഷൻ പോളിസി ഇല്ല എന്ന് വ്യക്തമാകുന്നു. പഞ്ചായത്തിലെ ഒരേ ജീവനക്കാർ തന്നെയാണ് എൻട്രി ലെവലിലും വേരിഫയർ ലെവലിലും അപ്രൂവർ ലെവലിലുമുള്ള പാസ് വേർഡുകൾ കൈകാര്യം ചെയ്യുന്നത്. ഓരോ ജീവനക്കാരന്റെയും ഉത്തരവാദിത്വം

അനുസരിച്ച് നല്കപ്പെടുന്ന പാസ് വേർഡുകൾ അതാത് ജീവനക്കാർ തന്നെ കൈകാര്യം ചെയ്യേണ്ടതും യാതൊരു സാഹചര്യത്തിലും പാസ്‌വേർഡുകൾ കൈമാറ്റം ചെയ്യപ്പെടാൻ പാടില്ലാത്തതുമാണ്. ഒരേ ജീവനക്കാരൻ തന്നെ ഡാറ്റാ എൻട്രി നടത്തുന്നതും അതിൻമേൽ പരിശോധന നടത്തുന്നതും അംഗീകരിക്കുന്നതും ആഭ്യന്തര നിയന്ത്രണ സംവിധാനത്തിലെ വലിയ പോരായ്മയാണ്. ആയതിന്റെയും ഡോക്യുമന്റേഷൻ (പാസ്‌വേർഡ് വ്യക്തമാകാത്ത രീതിയിൽ) ചെയ്യുന്നത് നന്നായിരിക്കും.

4. പഞ്ചായത്തിലെ പർച്ചേസ് കമ്മിറ്റി ശാസ്ത്രീയമായ സമീപനം സ്വീകരിക്കുന്നില്ല. വാങ്ങേണ്ട വസ്തുക്കളുടെ വിവരം ക്രോഡീകരിച്ച് വിവിധ പ്രൊജക്ടുകൾക്കുള്ള ഒരേ പ്രൊഡക്ടുകൾ ഒറ്റ പർച്ചേസിലൂടെ വിലക്കുറവിൽ വാങ്ങാൻ സാധിക്കുന്ന രീതിയിൽ പ്രവർത്തനം മെച്ചപ്പെടുത്തേണ്ടതാണ്. കമ്പ്യൂട്ടർ എന്ന പ്രൊഡക്ട് 5 പദ്ധതികൾക്കായി പല തവണ ക്വട്ടേഷൻ ക്ഷണിച്ച് പല സ്ഥാപനങ്ങളിൽ നിന്നും വാങ്ങിയിട്ടുണ്ട്.

5. പഞ്ചായത്തിലെ ഡിമാൻഡുകൾ വ്യത്യാസം വരുത്താനും ഹെഡ് തിരുത്താനുമുള്ള ജേർണൽ എൻട്രികൾ സെക്രട്ടറിയുടെ അനുമതിയോടെ പ്രൊസീഡിംഗ്സ് പ്രകാരം ചെയ്യുന്നത് അഭികാമ്യമായിരിക്കും. പ്രസ്തുത മാറ്റങ്ങൾ വരുത്തേണ്ടതിന്റെ കാരണങ്ങൾ ഫയലിൽ ചേർത്ത് സൂക്ഷിക്കേണ്ടതുമാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 14.08.2018 | ജൂലൈ 2018 | ഇല്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 23.07.2014 | 2009-10 മുതൽ 2013-14 വരെ | 22.10.2014 |

## 1-12 വാർഷിക കണക്കുകളിലെ അപാകതകൾ

തൊഴിലുറപ്പുപദ്ധതിയിലെ വരവ്-ചെലവ് തുകകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല. മറ്റ് അപാകതകൾ ഓഡിറ്റ് സാക്ഷ്യപത്രത്തിൽ പരാമർശിച്ചിട്ടുണ്ട്.

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ആസൂത്രണ സമിതി,വർക്കിംഗ് ഗ്രൂപ്പുകൾ എന്നീ ഘടകങ്ങളുടെ പ്രവർത്തനങ്ങളിലെ അപാകതകൾ

ജി.ഒ.(എം.എസ്)10/2017/ത.സ്വ.ഭ.വ./09.01.2017 ഉത്തരവിലാണ് 2017-2022 പഞ്ചവത്സര പദ്ധതിക്കുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ രേഖപ്പെടുത്തിയിരുന്നത്. തദ്ദേശ ഭരണസ്ഥാപനങ്ങളിലെ നിർണ്ണായക ഘടകങ്ങളായ ആസൂത്രണ സമിതി, വർക്കിംഗ് ഗ്രൂപ്പുകൾ എന്നിവയുടെ രൂപീകരണം മേൽ ഉത്തരവ് പ്രകാരമായിരുന്നു. പഞ്ചവത്സര പദ്ധതിയുടെ ആദ്യ വർഷത്തെ പദ്ധതികളുടെ പരിശോധനയിൽ മേൽ ഘടകങ്ങളുടെ പ്രവർത്തനം പരിശോധിച്ചപ്പോൾ കണ്ടെത്തിയ അപാകതകൾ പഞ്ചായത്തിന്റെയും ആസൂത്രണ സമിതിയുടെയും വിവിധ വർക്കിംഗ് ഗ്രൂപ്പുകളുടെയും ശ്രദ്ധയിൽപ്പെടുത്തുന്നു.

പദ്ധതി ആസൂത്രണം, നിർവ്വഹണം, വിലയിരുത്തൽ എന്നീ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക, ആസൂത്രണ പ്രക്രിയയിലെ ജനപങ്കാളിത്തം വർദ്ധിപ്പിക്കാൻ ഭരണസമിതിയെ സഹായിക്കുക എന്നിവയാണ് ആസൂത്രണ സമിതിയുടെ പ്രധാന ചുമതല. ഓഡിറ്റ് വർഷത്തിൽ ആസൂത്രണ സമിതി 4 തവണയാണ് യോഗം ചേർന്നത്. ആദ്യം യോഗം ചേർന്ന തിയതി പോലും മിനിട്സ് ബുക്കിൽ ചേർത്തിട്ടില്ല. വർഷാവസാനത്തെ തിരക്ക് പിടിച്ച ചെലവ് ഒഴിവാക്കാൻ നിർവ്വഹണ കലണ്ടർ കാലേക്കൂട്ടി തയ്യാറാക്കണം എന്ന നിർദ്ദേശം നടപ്പിലായതായി കാണുന്നുണ്ട്. പൊതുവിദ്യാലയങ്ങളിലെ കുട്ടികളുടെ എണ്ണം വർദ്ധിപ്പിക്കാൻ വേണ്ട ഇടപെടലുകൾ നടത്തണം,

പി.എച്ച്.സി. അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കണം, 3 മാസത്തിൽ ഒരിക്കൽ പദ്ധതി അവലോകനം നടത്തണം, പദ്ധതി രൂപീകരണ ഘട്ടത്തിൽ 3 തവണയെങ്കിലും യോഗം ചേരണം വാർഡ് തല ജാഗ്രതാസമിതി, വാർഡ് വികസന സമിതി എന്നിവ കാര്യക്ഷമമാക്കൽ തുടങ്ങിയ വിഷയങ്ങളിൽ 22.02.2017, 08.12.2017, 08.02.2018 എന്നീ ദിവസങ്ങളിൽ നടന്ന ആസൂത്രണ സമിതിയിൽ തീരുമാനമായെങ്കിലും മേൽ തീരുമാനങ്ങൾ ഒന്നും നടപ്പിലാക്കാനുള്ള യാതൊരു ശ്രമവും ആസൂത്രണ സമിതിയുടെ ഭാഗത്ത് നിന്ന് ഉണ്ടായിട്ടില്ല എന്ന് കാണുന്നു. ഏറ്റവും ദയനീയമായ കാര്യം 13-ാം പഞ്ചവത്സര പദ്ധതിയുടെ വികസന രേഖ ഇനിയും നൽകിയിട്ടില്ലാത്ത ആസൂത്രണ സമിതി അംഗങ്ങൾക്ക് നൽകണം എന്ന 08.12.2017 ലെ മിനിട്സിലെ തീരുമാനമാണ്. പഞ്ചായത്തിലെ വികസന രേഖ പോലും വായിച്ച് മനസ്സിലാക്കാനായിട്ട് സാധിക്കാത്ത അംഗങ്ങൾ ആസൂത്രണ സമിതിയിൽ ഉണ്ടെന്നാണ് ഇത് വ്യക്തമാക്കുന്നത്. പ്രദേശത്തിന്റെ വികസനം സംബന്ധിച്ച് ആരോഗ്യകരമായ സംവാദങ്ങൾ സംഘടിപ്പിക്കുക, അധികവിഭവ സമാഹരണ സാദ്ധ്യത കണ്ടെത്തുക, വർക്കിംഗ് ഗ്രൂപ്പ് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക, പദ്ധതി ആസൂത്രണത്തിന് അനുയോജ്യമായ പഠനങ്ങൾ നടത്തി ഭരണസമിതിയെ സഹായിക്കുക, സ്റ്റേക്ക് ഹോൾഡർമാർ, ബാങ്ക്, സഹകരണ സ്ഥാപനങ്ങൾ എന്നിവയുമായി കൂടിയാലോചന നടത്തുക, പ്രാദേശികാസൂത്രണത്തിൽ സഹായിക്കുന്നതിന് വിദഗ്ധർ, സന്നദ്ധ പ്രവർത്തകർ, എന്നിവരെയൊക്കെ കണ്ടെത്തുന്നതിന് സഹായിക്കുക എന്നീ പ്രവർത്തനങ്ങളൊന്നും ആസൂത്രണസമിതിയുടെ ഭാഗത്ത് നിന്ന് ഉണ്ടായതായി യാതൊരു രേഖയിലും കാണുന്നില്ല.

സ്റ്റാറ്റസ് റിപ്പോർട്ടിൽ സൂചിപ്പിച്ച പ്രശ്നങ്ങൾ മനസ്സിലാക്കി പ്രൊജക്ടുകൾ തയ്യാറാക്കുക, പ്രൊജക്ടുകളുടെ നിർവ്വഹണത്തിൽ വിവിധ മുൻഗണനകൾ പാലിക്കുക, നിർവ്വഹണം വിലയിരുത്തി പോരായ്മകൾ പരിഹരിക്കുക, പദ്ധതി രൂപീകരണവേളയിൽ നവമാദ്ധ്യമങ്ങളുടെ സാദ്ധ്യത പ്രയോജനപ്പെടുത്തുക, ഗ്രാമസഭ, വികസനസെമിനാർ എന്നിവയ്ക്ക് വേണ്ട അക്കാദമിക് സഹായം നൽകുക, ഓരോ പ്രൊജക്ടിന്റെയും യുക്തി, ക്ഷമത, പ്രായോഗികത, നിയമസാദ്ധ്യത, വിജയസാദ്ധ്യത, എന്നിവ പരിശോധിക്കുക ഇവയെല്ലാമാണ് വർക്കിംഗ് ഗ്രൂപ്പുകളുടെ ചുമതല. ഇവയൊന്നും നിർവ്വഹിച്ചില്ലെന്ന് മാത്രമല്ല ഏറ്റവും സുപ്രധാന ഘടകമായ മോണിറ്ററിംഗ് ഒരൊറ്റ പ്രൊജക്ടിൽ പോലും നടത്തിയില്ല എന്ന് കാണുന്നു.

വർക്കിംഗ് ഗ്രൂപ്പുകളുടെ രൂപീകരണം മുതൽ പദ്ധതി അംഗീകരിച്ച് കിട്ടുന്നത് വരെയുള്ള ആസൂത്രണ നടപടികൾ ഓരോന്നും ഫലപ്രദമായി നടത്തുന്നതിന് വേണ്ട മുന്നൊരുക്കവും ഇടപെടലുകളും നടത്തുക, തീരുമാനങ്ങൾ ഭരണസമിതിയെക്കൊണ്ട് വേഗത്തിൽ എടുപ്പിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുക, നിർദ്ദേശങ്ങൾ മറ്റു സ്റ്റാൻഡിംഗ് കമ്മിറ്റികൾ, വർക്കിംഗ് ഗ്രൂപ്പുകൾ എന്നിവയ്ക്ക് സമയാസമയങ്ങളിൽ ലഭ്യമാക്കുക എന്നീ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കേണ്ടത് വികസന സ്റ്റാൻഡിംഗ് കമ്മിറ്റിയാണ്. ഈ രംഗത്ത് പ്രസ്തുത സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ പ്രവർത്തനം തൃപ്തികരമായിരുന്നില്ല. മുൻ വർഷത്തെ സമാന പദ്ധതികളുടെ പ്രവർത്തനങ്ങളുടെ ജയപരാജയങ്ങൾ ച്രച്ച ചെയ്യാതിരുന്നത് മറ്റൊരു പോരായ്മയാണ്. മുൻ വർഷങ്ങളിൽ നടപ്പാക്കിയ കിടാരി വിതരണം പദ്ധതി വഴി ലഭ്യമാക്കിയ കിടാരികളിൽ പലതിനെയും പല ഗുണഭോക്താക്കളും വിറ്റതായി വെറ്ററിനറി ഹോസ്പിറ്റൽ മാനേജമെന്റ് കമ്മിറ്റി മിനിട്സിൽ കാണുന്നുണ്ട്. പാലുത്പാദനത്തിന്റെ വർദ്ധനവിന് വേണ്ടി നടപ്പിലാക്കിയ പ്രസ്തുത പദ്ധതി പൂർണ്ണ വിജയം നേടിയില്ല എന്ന് വ്യക്തമാണ്. മാത്രമല്ല കിടാരികളെ വിറ്റ ഗുണഭോക്താക്കളോട് വിശദീകരണം തേടുകയോ ചുരുങ്ങിയ പക്ഷം സമാനമായ പദ്ധതികളുടെ ആനുകൂല്യങ്ങൾ ഇത്തരം ഗുണഭോക്താക്കൾക്ക് ഭാവിയിൽ നൽകാതിരിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുകയോ ചെയ്യേണ്ടിയിരുന്നു.

വികസന സെമിനാർ സർക്കാർ നിർദ്ദേശിച്ച രീതിയിൽ നടപ്പിലായതായി കണ്ടില്ല. 159 വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങളും 70 ഗ്രാമസഭ മെമ്പർമാരും അടക്കം 300ഓളം വ്യക്തികൾ പങ്കെടുക്കേണ്ട വികസന സെമിനാറിൽ 143 പേരാണ് പങ്കെടുത്തതായി കാണുന്നത്. വികസന സെമിനാറിലെ പല നിർദ്ദേശങ്ങളും പരിഗണിച്ചോ ഇല്ലയോ എന്ന് മിനിട്സിൽ രേഖപ്പെടുത്തിയിട്ടില്ല.

മേൽ ഘടകങ്ങളെല്ലാം ഉപരിപ്ലവമായ രീതിയിൽ മാത്രമാണ് പ്രവർത്തിച്ച് കാണുന്നത്. എന്നാൽ നിർവ്വഹണ ഉദ്യോഗസ്ഥരുടെ യോഗം 6 തവണ ചേർന്നതായി കാണുന്നു. ആയത് അഭിനന്ദനാർഹമാണ്.

മേൽ വിഷയങ്ങളിൽ ആസൂത്രണസമിതി, വിവിധ വർക്കിംഗ് ഗ്രൂപ്പുകൾ എന്നീ ഘടകങ്ങളിൽ നിന്ന്

വിശദീകരണം നൽകാൻ ആവശ്യപ്പെട്ടിരുന്നെങ്കിലും മറുപടിയൊന്നും നൽകിയിട്ടില്ല. മേൽ ഘടകങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ വേണ്ടനടപടികൾ സ്വീകരിക്കാൻ നിർദ്ദേശിക്കുന്നു. ഖണ്ഡികയിലെ പരാമർശങ്ങൾ വിവിധ വർക്കിംഗ് ഗ്രൂപ്പുകൾക്ക് രേഖാമൂലം നൽകാനും ആയതും അതാത് ഘടകങ്ങളുടെ മറുപടിയും അതാത് മിനിട്സ് ബുക്കിൽ രേഖപ്പെടുത്താനും നിർദ്ദേശിക്കുന്നു.

## 2-2 ഗുണഭോക്താക്കളുടെ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട അപാകതകൾ

ജി.ഒ.(പി)220/97/ത.ഭ.വ 02.10.97 ഉത്തരവ് പ്രകാരം തദ്ദേശ ഭരണ സ്ഥാപനങ്ങളിലെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന് മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത മാർഗ്ഗരേഖയുടെ ലംഘനം തുറവൂർ ഗ്രാമ പഞ്ചായത്തിന്റെ 2017-18 വർഷത്തെ പദ്ധതിക്കായി തയ്യാറാക്കിയ ഗുണഭോക്തൃ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ടുണ്ടായതായി പരിശോധനയിൽ വ്യക്തമാകുന്നു.

യാതൊരു പദ്ധതിക്കും വാർഡ് തലത്തിൽ ടാർജറ്റ് ഉണ്ടാക്കാൻ പാടില്ല എന്നും ഗ്രാമസഭ തയ്യാറാക്കുന്ന മുൻഗണന ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്ത് തലത്തിൽ വേണം അർഹത കണക്കാക്കാൻ എന്നതാണ് മാർഗ്ഗനിർദ്ദേശത്തിൽ ഉള്ളത്. എന്നാൽ തുറവൂർ പഞ്ചായത്തിൽ മൊത്തം നൽകേണ്ട സഹായങ്ങൾ വാർഡ് അടിസ്ഥാനത്തിൽ തുല്യമായി വിഭജിക്കുകയാണ് ചെയ്തിട്ടുള്ളത്. ഓരോ പദ്ധതികളുടെയും കൃത്യമായ മാനദണ്ഡം തയ്യാറാക്കി ഗുണഭോക്താക്കളുടെ എണ്ണവും ഉൾപ്പെടുന്ന നോട്ടീസ് ഗ്രാമസഭയിൽ വിതരണം ചെയ്തതായി കാണുന്നില്ല. അത്തരത്തിലുള്ള നോട്ടീസിന്റെ പകർപ്പ് ഹാജരാക്കാൻ എൻക്വയറിയിലൂടെ ആവശ്യപ്പെട്ടെങ്കിലും ആയത് ഹാജരാക്കിയിട്ടില്ല. ഇത്തരത്തിൽ ഒരു നോട്ടീസ് തയ്യാറാക്കിയിട്ടില്ല എന്നാണ് ഇത് വ്യക്തമാക്കുന്നത്. വാർഡുകളിലുള്ള പ്രത്യേക നോട്ടീസ് ബോർഡിൽ മേൽ നോട്ടീസ് പ്രദർശിപ്പിക്കണം എന്ന മാർഗ്ഗനിർദ്ദേശം പാലിച്ചിട്ടുണ്ടോ എന്നുള്ളത് സംബന്ധിച്ച് പഞ്ചായത്ത് മറുപടി ഹാജരാക്കിയില്ല, എല്ലാ വാർഡിലും നോട്ടീസ് ബോർഡ് ഉണ്ടോ എന്നത് സംബന്ധിച്ചും വിശദീകരണം നൽകിയിട്ടില്ല. ഗുണഭോക്താക്കളുടെ അപേക്ഷ പരിശോധിക്കാൻ പഞ്ചായത്ത് സ്വീകരിച്ച സംവിധാനം വ്യക്തമാക്കിയില്ല. (നിർവഹണ ഉദ്യോഗസ്ഥരുടെ പരിശോധന, വർക്കിംഗ് ഗ്രൂപ്പ് പരിശോധന, മറ്റേതെങ്കിലും സംവിധാനം) ലഭിച്ച അപേക്ഷകൾ മാർക്കടിസ്ഥാനത്തിൽ രേഖപ്പെടുത്തി തയ്യാറാക്കിയ കരട് ലിസ്റ്റിന്റെ പകർപ്പും ഹാജരാക്കിയില്ല.
മേൽ രീതിയിലുള്ള ഗുണഭോക്തൃ ലിസ്റ്റ് അല്ല തയ്യാറാക്കിയിരിക്കുന്നത് എന്നാണ് ഇതിൽ നിന്നും വ്യക്തമാകുന്നത്. അർഹതപ്പെട്ടവർ തന്നെയാണ് ലിസ്റ്റിൽ ഉള്ളത് എന്ന് പരിപൂർണ്ണമായും ഉറപ്പാക്കേണ്ട ഉത്തരവാദിത്വം പഞ്ചായത്ത് ഭരണസമിതിക്കുണ്ട്. ഗുണഭോക്താക്കളെ തെരഞ്ഞെടുക്കേണ്ട പരിപൂർണ്ണ അധികാരം ഗ്രാമസഭക്ക് മാത്രമാണ് എന്ന് ഓർമ്മിപ്പിക്കുന്നു.

ഗ്രാമസഭ തീരുമാനങ്ങൾ അപ്പോൾ തന്നെ എഴുതി തയ്യാറാക്കി യോഗത്തിൽ പങ്കെടുത്ത 15 പേരുടെ ഒപ്പ് രേഖപ്പെടുത്തി സെക്രട്ടറിയെ ഏൽപ്പിക്കുക എന്ന ചുമതല ഗ്രാമസഭ കോർഡിനേറ്ററുടേതാണ്. എന്നാൽ ഒരൊറ്റ ഗ്രാമസഭയിൽപ്പോലും ഇത്തരത്തിൽ 15 പേരുടെ ഒപ്പ് രേഖപ്പെടുത്തിയിട്ടില്ല. മാത്രമല്ല എല്ലാ ഗ്രാമസഭകളുടെയും ഫോട്ടോഗ്രാഫ് ഗ്രാമസഭ മിനിട്സിൽ ഒട്ടിച്ച് വയ്ക്കണം എന്ന 17-18 മാർഗ്ഗരേഖ നിർദ്ദേശവും പാലിക്കപ്പെട്ടിട്ടില്ല. ഓരോ ഗ്രാമസഭയിൽ നിന്നും വികസന സെമിനാറിലേക്ക് പങ്കെടുക്കുന്ന 5 പേരെ തെരഞ്ഞെടുക്കണം എന്ന നിർദ്ദേശം എല്ലാ ഗ്രാമസഭകളിലും പാലിക്കപ്പെട്ടോ എന്ന് വ്യക്തമല്ല. ആയത് സംബന്ധിച്ച് യാതൊരു വിവരവും പല മിനിട്സ് ബുക്കിലും കാണുന്നില്ല.
മേൽ അപാകതകൾ പരിഹരിക്കാൻ നിർദ്ദേശിക്കുന്നു.

## 2-3 ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി- അവലോകനം

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 162.1.എ (iii) പ്രകാരം ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ചുമതലയിലുൾപെടുന്ന സേവന മേഖലകൾ പട്ടികജാതി പട്ടിക വർഗ്ഗ വികസനം, സ്ത്രീകളുടെയും കുട്ടികളുടേയും വികസനം, സാമൂഹ്യസുരക്ഷാ പ്രവർത്തനം, ചേരി പരിഷ്കരണം, ദാരിദ്ര്യ നിർമ്മാർജ്ജനം, പൊതു വിതരണം എന്നിവയാണ്. ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി സാമ്പത്തിക വർഷത്തിൽ 14 തവണ യോഗം ചേർന്നിട്ടുണ്ട്. പെൻഷൻ/വിവാഹധനസഹായം എന്നിവയിൽ ഗുണഭോക്താക്കളുടെ അർഹത

സംബന്ധിച്ച് അംഗീകാരം നൽകുന്നതിനായാണ് കമ്മിറ്റി കൂടുതലായും യോഗം ചേർന്നു കാണുന്നത്. മരണമടഞ്ഞ പെൻഷൻകാരുടെ പേരുവിവരം നീക്കം ചെയ്ത് പെൻഷൻ ഡാറ്റാബേസ് കൃത്യമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. മറ്റു വിഷയങ്ങളിൽ നാമമാത്രമായ തീരുമാനങ്ങൾ മാത്രമേ കമ്മിറ്റി എടുത്തതായി മിനിറ്റ്സിൽ രേഖപ്പെടുത്തിയിട്ടുള്ളൂ. സ.ഉ.(എം.എസ്.)10/2017 ത.സ്വ.ഭ.വ തീയതി 09.01.2017ഉത്തരവ് പ്രകാരം ക്ഷേമകാര്യസ്റ്റാൻഡിംഗ് കമ്മിറ്റിയുടെ കീഴിലുൾപെടുന്ന വർക്കിംഗ് ഗ്രൂപ്പുകൾ ദാരിദ്ര്യലഘൂകരണം, സാമൂഹ്യനീതി, വനിതാ വികസനം, പട്ടികജാതി/വർഗ്ഗ വികസനം എന്നിവയാണ്. 2017-18 വർഷത്തിൽ മേൽ സൂചിപ്പിച്ച വർക്കിംഗ് ഗ്രൂപ്പുകൾ മൂന്നു തവണ യോഗം ചേർന്നതായി കാണുന്നു. എന്നാൽ സ്റ്റാറ്റസ് റിപ്പോർട്ടിനെ അടിസ്ഥാനമാക്കിയും മുൻപ് നടപ്പാക്കിയ പ്രോജക്ടുകളുടെ ജയപരാജയങ്ങൾ പരിശോധിച്ചും തൻ വർഷം നടപ്പാക്കേണ്ട പ്രോജക്ടുകൾ സംബന്ധിച്ച് ക്രിയാത്മകമായ ചർച്ചകൾ നടത്തി തീരുമാനങ്ങൾ എടുത്ത് വർക്കിംഗ് ഗ്രൂപ്പുകളുടെ മിനിറ്റ്സിൽ രേഖപ്പെടുത്തി കാണുന്നില്ല. സ്റ്റാന്റിംഗ് കമ്മിറ്റിയുടെ കീഴിൽ വരുന്ന വിഷയങ്ങൾ തരം തിരിച്ച് പദ്ധതി രൂപികരണം, നിർവ്വഹണം, മോണിറ്ററിംഗ് ഘട്ടങ്ങൾ എന്നിവ സംബന്ധിച്ച് ചർച്ച ചെയ്തിട്ടില്ല. അപാകതകൾ ആവർത്തിക്കാതിരിക്കാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 2-4 അങ്കണവാടി കെട്ടിടത്തിന് നൽകിയിരിക്കുന്നത് അനധികൃത കെട്ടിടനമ്പർ

പഞ്ചായത്തിലെ അനധികൃത കെട്ടിടങ്ങളുടെ രജിസ്റ്റർ പരിശോധിച്ചതിൽ വാർഡ് നമ്പർ 4 ൽ 02UA/2013 നമ്പർ കെട്ടിടം പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള 56ാം നമ്പർ അങ്കണവാടി കെട്ടിടം ആണെന്ന് കാണുന്നു. പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടം ഇപ്രകാരം അനധികൃത കെട്ടിടമായിരിക്കുന്നതിന് വിശദീകരണം ആവശ്യപ്പെട്ട് 03.10.2018 ൽ നൽകിയ 12ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് പഞ്ചായത്ത് രേഖാമൂലം മറുപടി നൽകിയില്ലെങ്കിലും പ്രസ്തുത കെട്ടിടം പഞ്ചായത്തിന്റെ തന്നെ സ്ഥലത്ത് നിർമ്മിച്ച കെട്ടിടം ആണെന്നും അപാകത പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്നും വാക്കാൽ അറിയിച്ചു. വിഷയത്തിൽ തുടർനടപടികൾ സ്വീകരിച്ച് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-5 തൊഴിൽ നികുതി വരുമാന സ്റ്റേറ്റ്മെന്റിൽ ക്രമക്കേട്-പഞ്ചായത്തിന് വരുമാന നഷ്ടം

ജീവനക്കാരുടെ തൊഴിൽ നികുതി വരുമാന സ്റ്റേറ്റ്മെന്റിൽ ക്രമക്കേട് കാണുന്നു. സർക്കാരിന്റെ വിവിധ ഉത്തരവ് പ്രകാരമുള്ള മിനിമം വേജസ് ഉത്തരവിലെ തുകയേക്കാൾ കുറവ് തുകയാണ് ചില സ്റ്റേറ്റിമെന്റുകളിൽ കാണുന്നത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

(എ)-മണപ്പുറം ഫിനാൻസ് ലിമിറ്റഡ് തുറവൂർ – 2017-18 ഒന്നാം അർദ്ധവർഷത്തെ തൊഴിൽ നികുതി ഒടുക്കിയ സ്റ്റേറ്റ്മെന്റിൽ 2 ജൂണിയർ അസിസ്റ്റന്റുമാരുടെ അർദ്ധവാർഷികവേതനം യഥാക്രമം 30,231 രൂപയും 29,351 രൂപയുമാണ് എന്ന് കാണുന്നു. എന്നാൽ സ.ഉ.(അച്ചടി) 196/16/തൊഴിൽ തി.21.12.2016 നം ഉത്തരവ് പ്രകാരം ജൂണിയർ അസിസ്റ്റന്റിന്റെ അടിസ്ഥാന ശമ്പളം 8,700/- രൂപയാണ്. കൂടാതെ സ്റ്റാറ്റിസ്റ്റിക്സ് ഡിപ്പാർട്ട്മെന്റിന്റെ കൺസ്യൂമർ പ്രൈസ് ഇൻഡക്സിലെ 240 പോയിന്റിന് മുകളിലുള്ള ഓരോ പോയിന്റിനും 26 രൂപ വച്ച് ക്ഷാമബത്ത നൽകണമെന്നും ഉത്തരവിലുണ്ട്. 2017 ഏപ്രിലിലെ സി.പി.ഐ 298 ആണ്. ഇതനുസരിച്ച് 1508/- രൂപ (26 * 58) ക്ഷാമബത്തായായും നൽകേണ്ടതാണ്. ഈ രണ്ട് മാനദണ്ഡങ്ങൾ മാത്രം പരിഗണിച്ചാൽ ജൂണിയർ അസിസ്റ്റന്റ് എന്ന ഗ്രേഡിന് 10288 പ്രതിമാസ വരുമാനം നൽകേണ്ടതാണ്.

(ബി)-ഫീനിക്സ് ഏജൻസീസ് എന്ന സ്ഥാപനത്തിലെ 19 ജീവനക്കാരുടെ അർദ്ധവാർഷിക വരുമാനം 16,800 മുതൽ 21,000 രൂപ വരെയാണ് രേഖപ്പെടുത്തിയിട്ടുള്ളത്. പ്രത്യക്ഷത്തിൽ തന്നെ വളരെ കുറവായ വരുമാനമാണ് രേഖപ്പെടുത്തിയിട്ടുള്ളത് എന്ന് വ്യക്തമാണ്. (2,800 മുതൽ 3,000 വരെ പ്രതിമാസം). മേൽ സ്ഥാപനം ഏത് ഗണത്തിൽപ്പെടുന്നു എന്ന് വ്യക്തമല്ലാത്തതിനാൽ കൂടുതൽ പരിശോധനക്ക് സാധിച്ചില്ല.

(സി)-സെന്റ് ജോർജ്ജ് അഡ്വാൻസ്ഡ് ട്രെയിനിംഗ് ട്രേഡ് ടെസ്റ്റ് സെന്റർ ഫോർ ഓവർസീസ് റിക്രൂട്ട്മെന്റ് എന്ന സ്ഥാപനത്തിലെ സ്വീപ്പറുടെ അർദ്ധവാർഷിക വരുമാനം 18,000 രൂപയാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ജി.ഒ.പി നം 155/2011/എൽ.ബി.ആർ /12.09.2011 ഉത്തരവ് പ്രകാരം സ്വീപ്പറിന്റെ അടിസ്ഥാന ശമ്പളം

4,000-50-4250-60-4550 രൂപയാണ്. കൂടാതെ സി.പി.ഐ 130 ന് മുകളിൽ ഓരോ പോയിന്റിനും 23.40 രൂപ ക്ഷാമബത്തയും നൽകണം.

(ഡി)-ഫാഷൻ വുഡ് ഇൻഡസ്ട്രീസ് എന്ന സ്ഥാപനത്തിലെ എല്ലാ വർക്കർമാരുടെയും അർദ്ധവർഷവരുമാനം 14,500-16,000 രൂപയാണ്. (2,416 – 2,666 രൂപ പ്രതിമാസം). സ.ഉ.(അച്ചടി)19/15/തൊഴിൽ തീ.16.02.2015 നം ഉത്തരവ് പ്രകാരം മര വ്യവസായത്തിലെ അൺ സ്കിൽഡ് ലേബററുടെ പ്രതിദിന കൂലി തന്നെ 327/- രൂപയാണ്.

(ഇ)-എം ഡി എസ്സപ്പാൻ എഞ്ചിനീയറിംഗ് വർക്സ് എന്ന സ്ഥാപനത്തിലെ ജീവനക്കാരുടെ വരുമാനം രേഖപ്പെടുത്തിയിട്ടില്ല. എല്ലാ ജീവനക്കാരുടെയും തൊഴിൽ നികുതി 300 രൂപ എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

(എഫ് )-മൂലൻ എക്സ്പോർട്ട് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിലെ ജീവനക്കാരുടെ ഉദ്യോഗപ്പേര് രേഖപ്പെടുത്തിയിട്ടില്ല.
മേൽ സ്ഥാപനങ്ങളിൽ നിന്ന് വിശദമായ മറുപടി ലഭ്യമാക്കി ആയതിനനുസരിച്ച് നടപടി സ്വീകരിക്കാൻ നിർദ്ദേശിക്കുന്നു.

2. ഡി ആൻഡ് ഒ ലൈസൻസ് അപേക്ഷയിൽ 5 ലധികം ജീവനക്കാർ ജോലി ചെയ്യുന്നതും ജീവനക്കാരുടെ തൊഴിൽ നികുതി ഒടുക്കാത്തതുമായ സ്ഥാപനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു. പ്രസ്തുത സ്ഥാപനങ്ങളിൽ 2 സ്ഥാപനങ്ങൾക്ക് മാത്രമാണ് ജീവനക്കാരുടെ തൊഴിൽ കണക്കാക്കി പഞ്ചായത്തിൽ ഒടുക്കുവാൻ ആവശ്യപ്പെട്ടുകൊണ്ടുള്ള ഡിമാൻഡ് നോട്ടീസ് നൽകിയത്. ആയതിന്റെ നികുതി നാളിത് വരെ ലഭ്യമായിട്ടുമില്ല. പ്രസ്തുത സ്ഥാപനങ്ങളിലെല്ലാം ഡിമാൻഡ് നോട്ടീസ് നൽകി നികുതി ലഭ്യമാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

(എ)-ശക്തി റോക്ക് പ്രൊഡക്ട്സ്- 15 ജീവനക്കാർ

(ബി)-റൈസ് ടെക്ക് അഗ്രോമിൽസ്- 7 ജീവനക്കാർ

(സി)-അട്ടിയാട്ടിര ( ATTIYATTIRA ) മോഡേൺ റൈസ് മിൽ – 8 ജീവനക്കാർ

(ഡി)-സാജിദ സോ മിൽ -15 ജീവനക്കാർ

(ഇ)-സബിത ഫോട്ടോ ഫ്രെയിം യൂണിറ്റ് – 10 ജീവനക്കാർ

(എഫ്)--മഡോണ ഓഫ് സെറ്റ് പ്രിന്റേഴ്സ് – 6 ജീവനക്കാർ

(ജി)-വർക്കി സൺസ് എഞ്ചിനീയറിംഗ്- 28 ജീവനക്കാർ

(എച്ച്)-എം.ആർ.എസ്.എസ് ജ്വല്ലറി വർക്സ്- 8 ജീവനക്കാർ

(ഐ)-പടയാട്ടിൽ ഫ്രെയിം ആൻഡ് വിനീർ -7 ജീവനക്കാർ

(ജെ)-നാഷണൽ ഫ്രെയിം കമ്പനി -10 ജീവനക്കാർ

(കെ)-സെന്റ് ജോസഫ്സ് ഫുഡ് -6 ജീവനക്കാർ

(എൽ)-ദി പെരിയാർ റോക്ക് പ്രൊഡക്ട്സ് -10 ജീവനക്കാർ

(എം)-മംഗലി ഇൻഡസ്ട്രീസ് -6 ജീവനക്കാർ.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 പൊതു ടാപ്പുകൾ- വെള്ളക്കരം അടവാക്കുന്നത് ടാപ്പുകളുടെ കൃത്യമായ കണക്കില്ലാതെ

ഗ്രാമപഞ്ചായത്ത് പൊതു ടാപ്പുകൾക്കായി നിലവിൽ പ്രതിമാസം 113313/- രൂപ വാട്ടർ അതോറിറ്റിയിലേക്ക് അടവാക്കുന്നുണ്ട്. പൊതു ടാപ്പുകളുടെ വിവരമടങ്ങുന്ന രജിസ്റ്റർ ഗ്രാമപഞ്ചായത്തിൽ സൂക്ഷിക്കുന്നില്ല. തൻവർഷം പദ്ധതി പണത്തിൽ നിന്നും 1020691/- രൂപയും (പ്രോജക്റ്റ് നം 18/17-18- മെയിന്റനൻസ് ഗ്രാന്റ് -റോഡിതരം) തനതുഫണ്ടിൽനിന്നും 225750/- രൂപയുമടക്കം ആകെ 1246441/- രൂപ ഈയിനത്തിൽ ചെലവു വന്നിട്ടുണ്ട്. വാട്ടർ അതോറിറ്റി നൽകുന്ന ബില്ലിന്റെ അടിസ്ഥാനത്തിൽ തുക അടവാക്കുന്നതല്ലാതെ ടാപ്പുകളുടെ എണ്ണം കൃത്യമായി നിജപ്പെടുത്തിയല്ല തുക അടവാക്കിപ്പോരുന്നത്. ഇത്രയും ഭീമമായ തുക ആവർത്തനചെലവ് വരുന്ന ഇനമായിട്ടും ടാപ്പുകളുടെ എണ്ണം സംബന്ധിച്ച് കൃത്യമായ കണക്കില്ലാത്തത് വലിയ അപാകതയാണ്. ആയതിനാൽ വാട്ടർ അതോറിറ്റിയുമായി സഹകരിച്ച് സംയുക്ത പരിശോധന നടത്തി ടാപ്പുകളുടെ വിവരശേഖരണം നടത്തി രജിസ്റ്റർ തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. ടാപ്പുകൾ കൂട്ടിച്ചേർക്കുകയോ ഒഴിവാക്കുകയോ ചെയ്യുമ്പോൾ രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതുമാണ്.

കുടിവെള്ളം -ശുചിത്വം വർക്കിംഗ് ഗ്രൂപ്പിന്റെ 10/5/2017, 20/01/2018 എന്നീ തീയതികളിലെ യോഗതീരുമാനങ്ങളിൽ പൊതുടാപ്പുകളെ സംബന്ധിച്ച് താഴെപറയും പ്രകാരം രേഖപ്പെടുത്തലുകളുണ്ട്.

1. ആവശ്യമില്ലാത്ത പൊതുടാപ്പുകൾ നീക്കം ചെയ്യുകയോ ആവശ്യമായ ഭാഗത്തേക്ക് മാറ്റി സ്ഥാപിക്കുകയോ ചെയ്യണം.

2. തമ്മിൽ അകലം പാലിക്കാതെ സ്ഥാപിച്ചിട്ടുള്ള ടാപ്പുകൾ കണ്ടെത്തി നീക്കം ചെയ്യണം.

എന്നാൽ ഈ നിർദ്ദേശങ്ങളൊന്നും പാലിക്കാതെ കുടിവെള്ള പൈപ്പ് ലൈൻ വിപുലീകരണത്തിനായി തൻവർഷം രണ്ട് പദ്ധതികളിലായി 8,85,000/-രൂപ ചെലവഴിച്ചിട്ടുണ്ട് (പ്രോജക്റ്റ് നം 69/17-18-4, 45,000/-, 166/17-18-4, 40,000/-). മേൽവിഷയങ്ങളിലേക്ക് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 3-2 സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ് , തെരുവ് വിളക്കുപകരണങ്ങൾ വാങ്ങൽ

പഞ്ചായത്തിൽ സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ ഊർജ്ജപദ്ധതികളുടെ ചെലവുവിശദാംശം ചുവടെ ചേർക്കുന്നു.

| പ്രോജക്റ്റ് നം, പേര് | ചെലവഴിച്ച തുക | | ചെലവിനം | |
|---|---|---|---|---|
| | തുക | ബിൽ/ചെക്ക് നം, തീയതി | സാധനങ്ങളുടെ വില, സപ്ലൈ ചെയ്ത സ്ഥാപനം | ലേബർ ചാർജ്ജ് |
| 31-സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ | 234289 | 2347268/21.03.18-234829/- | 234289/- ക്ലൂസ് കാസർകോഡ് | ------ |
| 32-സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ് | 476877 | 625963/22.03.18 –196208/- 2347272/26.03.18-113295 2347253/15.03.18–113295/- | 196208/- എഡിസൻ ഇലക്ട്രോണിക്സ് തിരുവാങ്കുളം | 280669 |
| 129-സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ് | 197675 | 354/15.03.18-102080/- 186160/15.09.17 -95595/- | 102080/- ക്ലൂസ് കാസർകോഡ് | 95595 |
| 130-സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ | 352655 | 19/17-18/13.11.17 216412/- 20/17-18 | 352655/- ക്ലൂസ് കാസർകോഡ് | ----- |

| | | | | |
|---|---|---|---|---|
| | | -136243/- | | |

തെരുവ് വിളക്കുകൾക്കാവശ്യമായ അനുബന്ധ ഉപകരണങ്ങൾ വാങ്ങുന്നതിനും സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസിനുമായിട്ടാണ് മേൽ പ്രകാരം പദ്ധതികൾ ആവിഷ്കരിച്ചിരിക്കുന്നത്. 2016-17 സാമ്പത്തിക വർഷത്തിൽ ആരംഭിക്കുകയും 2017-18ൽ സ്പിൽ ഓവർ പ്രോജക്ടായി നടപ്പാക്കുകയും ചെയ്ത പദ്ധതികളും ഇതിൽപ്പെടുന്നു. ഈ പ്രവൃത്തികളുമായി ബന്ധപ്പെട്ട അപാകതകൾ താഴെ ചേർക്കുന്നു

1)പഞ്ചായത്തിന്റെ പരിധിയിലുള്ള തെരുവ് വിളക്കുകളുടെ ആകെ എണ്ണം, തരം (വാർഡ് തിരിച്ച്)രേഖപ്പെടുത്തിയിട്ടുള്ള രജിസ്റ്റർ സൂക്ഷിക്കുന്നില്ല. തെരുവ് വിളക്കുകളുടെ എണ്ണം, തരം സംബന്ധിച്ച യാതൊരു കണക്കും പഞ്ചായത്തിലില്ല. ഇതിന്റെ അടിസ്ഥാനത്തിൽ അല്ല സാധനങ്ങൾ വാങ്ങുന്നതിനും മെയിന്റനൻസിനും ടെണ്ടർ ക്ഷണിച്ചിട്ടുള്ളത്. 2016-17 ൽ ഉപകരണങ്ങൾ സപ്ലൈ ചെയ്യാൻ കരാറേറ്റെടുത്ത ഇലക്ട്രോമെറ്റ് ട്രേഡിംഗ് കമ്പനി, ആലുവ സപ്ലൈ ചെയ്ത 163 സി.എഫ്.എൽ ലാമ്പുകൾ മാറ്റിനൽകാത്തതിനാൽ പ്രവൃത്തി പൂർത്തീകരണത്തിന് ക്രൂസ് കാസർകോഡ് നിന്നും സാധനങ്ങൾ വാങ്ങിയാണ് പദ്ധതി പൂർത്തീകരിച്ചത്(31.01.2018 ലെ 1(23) നമ്പർ തീരുമാനം). 2018-19 ൽ മാത്രമാണ് ടി സ്ഥാപനം സാധനങ്ങൾ മാറ്റിനൽകിയതും ബിൽ തുക അനുവദിച്ചതും. 2017-18 ൽ ഉപകരണങ്ങൾ സപ്ലൈ ചെയ്യാൻ കരാർ നൽകിയിരിക്കുന്നത് എഡിസൻ എന്ന സ്ഥാപനത്തിനാണ്. ഇപ്രകാരം രണ്ട് സ്ഥാപനങ്ങളിൽ നിന്നുമാണ് 2017-18 ലേക്ക് ആവശ്യമായ തെരുവ് വിളക്കുപകരണങ്ങൾ വാങ്ങിയിട്ടുള്ളത്. ഇപ്രകാരം വാങ്ങിയ ഉപകരണങ്ങൾ സ്റ്റോക്കിലെടുത്തിട്ടുണ്ടെങ്കിലും വിതരണം ചെയ്തതിന്റെ വിവരങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ഉപകരണങ്ങളുടെ വിനിയോഗ വിവരം സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തി കരാറുകാരൻ അറ്റകുറ്റപ്പണിനടത്തിയ കണക്കുകളുമായി താരതമ്യപ്പെടുത്തി വിനിയോഗം, നീക്കിയിരിപ്പ് എന്നിവയുടെ കണക്ക് കൃത്യമാക്കേണ്ടതാണ്.

2)പഞ്ചായത്തിൽ തെരുവുവിളക്കുകളുടെ അറ്റകുറ്റപ്പണികൾക്കായി ഒരു പരാതി രജിസ്റ്റർ സൂക്ഷിക്കേണ്ടതും ആയത് പരിശോധിച്ച് യഥാസമയം അറ്റകുറ്റപ്പണി നടത്തേണ്ടതുമാണ് എന്ന് തെരുവ് വിളക്കുകളുടെ പരിപാലനം സംബന്ധിച്ച സർക്കുലർ നം.3055/ഡി.എ3/2011/തസ്വഭവ തീ.15.09.11 ൽ നിർദ്ദേശിക്കപ്പെട്ടിട്ടുണ്ട്. ഇത്തരമൊരു രജിസ്റ്റർ പരിശോധനക്ക് ഹാജരാക്കിയില്ല.

3)കരാറുകാരൻ വാറന്റി കാലാവധി കഴിയുന്നതിന് മുൻപ് കേടാകുന്ന തെരുവ് വിളക്കുകൾ പഞ്ചായത്തിൽ തിരികെ ഏൽപ്പിക്കുന്നില്ല. ആയത് റീപ്ലേസ് ചെയ്തു കിട്ടുന്നതിനുള്ള നടപടികൾ പഞ്ചായത്തിൽ സ്വീകരിക്കുന്നില്ല .

4)വാർഡ് മെമ്പർമാർ സാക്ഷ്യപ്പെടുത്തി നല്കുന്ന കണക്കുകളുടെ അടിസ്ഥാനത്തിലാണ് ലേബർ ചാർജ്ജിനത്തിൽ തുക നല്കുന്നത്. ഈ കണക്കുകളിൽ എന്ന്, എപ്രകാരമുള്ള പണി നടത്തിയെന്ന് വ്യക്തമാക്കുന്നില്ല. ഏതാനും ഇലക്ട്രിക്ക് പോസ്റ്റുകളുടെ നമ്പർ മാത്രമാണ് വാർഡ് മെമ്പർമാർ സാക്ഷ്യപ്പെടുത്തി നല്കുന്ന സ്റ്റേറ്റ്മെന്റിൽ രേഖപ്പെടുത്തുന്നത്.

തെരുവ് വിളക്ക് വാർഷിക അറ്റകുറ്റപ്പണി, തെരുവ് വിളക്ക്പരിപാലനത്തിനാവശ്യമായ ഉപകരണങ്ങൾ വാങ്ങൽ എന്നീ പ്രോജക്ടുകളുടെ നിർവ്വഹണത്തിൽ ചുവടെ ചേർത്തിട്ടുള്ള നിർദ്ദേശങ്ങൾ കൂടി പാലിക്കുവാൻ ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

1)പഞ്ചായത്ത് പരിധിയിലുള്ള തെരുവ് വിളക്കുകളുടെ ആകെ എണ്ണം(പോസ്റ്റ് നമ്പർ ഉൾപ്പെടെ), തരം എന്നിവ(വാർഡ് തിരിച്ച്) രേഖപ്പെടുത്തിയിട്ടുള്ള രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കുന്നതിനും ലൈൻ എക്സ്റ്റൻഷൻ നടത്തുമ്പോൾ കെ.എസ്.ഇ.ബി.യിൽ നിന്ന് പ്രവൃത്തികളുടെ വിശദാംശങ്ങൾ വാങ്ങി ടി രജിസ്റ്റർ കാലികമാക്കുന്നതിനും ഉദ്യോഗസ്ഥ തലത്തിൽ നടപടികൾ സ്വീകരിക്കേണ്ടതാണ് (എത്ര മീറ്റർ ലൈൻ എക്സ്റ്റൻഷൻ നടത്തി, പുതുതായി എത്ര തെരുവ് വിളക്കുകൾ സ്ഥാപിച്ചു തുടങ്ങിയവ).

2) മേൽ പ്രകാരം തയ്യാറാക്കിയ രജിസ്റ്ററിലെ കണക്കുകളുടെ അടിസ്ഥാനത്തിലാവണം വാർഷിക അറ്റകുറ്റപ്പണിക്കും അറ്റകുറ്റപ്പണിക്കാവശ്യമായ സാധനങ്ങൾ വാങ്ങുന്നതിനും കരാർ ക്ഷണിക്കേണ്ടത്.

3)വാങ്ങിയ സാധനങ്ങൾ കൃത്യമായി സ്റ്റോക്കിൽ എടുക്കേണ്ടതും പരാതി രജിസ്റ്ററിലെ ആവശ്യകതയുടെ

അടിസ്ഥാനത്തിൽ സാധനങ്ങൾ കരാറുകാരന് നല്കേണ്ടതുമാണ്. സ്റ്റോക്കിലെ വിനിയോഗവിവരവും,കരാറുകാരൻ നല്കുന്ന പ്രവൃത്തിയുടെ കണക്കുകളും പൊരുത്തപ്പെടുത്തി വേണം കരാർ അനുസരിച്ചുള്ള തുക നല്കൽ.

4)വിനിയോഗിക്കാതെ ശേഷിക്കുന്ന ഇലക്ട്രിക്ക് സാധനങ്ങളുടെ മൂല്യം കണക്കാക്കി വാർഷിക കണക്കിൽ ഉൾപ്പെടുത്തേണ്ടതും, തുടർ വർഷത്തിലെ വാങ്ങൽ പ്രക്രിയ ഇതനുസരിച്ച് പരിമിതപ്പെടുത്താനും കഴിയുംവിധമാകണം സ്റ്റോക്ക് രജിസ്റ്റർ തയ്യാറാക്കേണ്ടത്.

5) പദ്ധതി മോണിറ്ററിങ്ങ് ബന്ധപ്പെട്ട വർക്കിങ്ങ് ഗ്രൂപ്പ് നടത്തി റിപ്പോർട്ട് ഫയലിൽ സൂക്ഷിക്കേണ്ടതാണ്.

തെരുവ് വിളക്കുകളുടെ പരിപാലനം എന്നത് പഞ്ചായത്തിന്റെ അനിവാര്യ ചുമതലകളിൽപ്പെട്ടതാണ് (കേ.പ.രാജ് ആക്ട് 166വകുപ്പ് (1) ഉപവകുപ്പ് 3-ാം പട്ടിക) ആവർത്തനച്ചെലവായിട്ടും നാളിതുവരെ കൃത്യമായ കണക്കുകളോ, അനുബന്ധരേഖകളോ ഇല്ലാതെ, സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കാതെ കൃത്യമായ മേൽനോട്ടം ഇല്ലാതെ പദ്ധതി ആസൂത്രണം ചെയ്ത് നടപ്പാക്കുന്നത് പദ്ധതിപ്പണത്തിന്റെ ദുരുപയോഗത്തിന് കാരണമാകുമെന്നതിനാൽ ഈ വിഷയത്തിൽ പഞ്ചായത്ത് കമ്മറ്റിയുടെയും, വികസന സ്റ്റാന്റിങ്ങ് കമ്മറ്റിയുടെയും, ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകളുടേയും അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

## 3-3 കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ

തൻവർഷം പഞ്ചായത്തിൽ വിവിധ പദ്ധതികളിലായി കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങിയതിന്റെ ചെലവിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | പദ്ധതി നം, പേര് | ചെലവഴിച്ച തുക | ബിൽ/ചെക്ക് നം. തീയതി | നിർവ്വഹണോദ്യോഗസ്ഥൻ |
|---|---|---|---|---|
| 1 | 10,പഞ്ചായത്ത് ഓഫീസിലേക്ക് ലാപ്ടോപ്പും സ്കാനറും വാങ്ങൽ | 218200 | 2347273/26.03.18 | സെക്രട്ടറി |
| 2 | 117, പഞ്ചായത്ത് ലൈബ്രറിക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ | 48650 | 37/17-18 21.02.18 | സെക്രട്ടറി |
| 3 | 150, ചരിത്ര ലൈബ്രറിക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ | 66250 | 38/17-18 23.02.18 | സെക്രട്ടറി |
| 4 | 149, കൃഷി ഓഫീസിലേക്ക് ലൈബ്രറിക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ | 48650 | 15/17-18 23.03.18-12150 +14/17-18 23.03.18-36500 | കൃഷി ഓഫീസർ |
| 5 | 36 പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ് വിതരണം | 569050 | 214/28.11.17-449250 + 386/23.0318-119800 | അസിസ്റ്റന്റ് സെക്രട്ടറി |
| 6 | 180, അസിസ്റ്റന്റ് എഞ്ചിനീയറുടെ ഓഫീസിലേക്ക് സ്കാനർ വിത്ത് ഡ്യൂപ്ലക്സ് പ്രിന്റർ | 16990 | 281/03.02.18 | അസിസ്റ്റന്റ് എഞ്ചിനീയർ |

വാങ്ങിയ ഉപകരണങ്ങളുടെ വിശദാംശങ്ങളും സപ്ലൈ ചെയ്ത സ്ഥാപനങ്ങളുടെ പേരും കമ്മറ്റി തീരുമാനത്തിന്റെ വിവരങ്ങളും താഴെ ചേർക്കുന്നു.

| ക്രമ നം | പദ്ധതി നം, പേര് | വാങ്ങിയ ഉപകരണങ്ങളുടെ വിശദാംശങ്ങൾ | | | സപ്ലൈ ചെയ്ത സ്ഥാപനം | കമ്മിറ്റി തീരുമാനം നം, തീയതി |
|---|---|---|---|---|---|---|
| | | മോഡൽ | എണ്ണം | വില | | |
| 1 | 10,പഞ്ചായത്ത് ഓഫീസിലേക്ക് ലാപ്ടോപ്പും സ്കാനറും വാങ്ങൽ | ലാപ് ടോപ് -Asus -X5410A | 1 | 33800 | പെരുമായൻ ട്രേഡ് ലിങ്ക്സ് അങ്കമാലി | 1(2) 02.09.2017 |
| | | സ്കാനർ- cannon DR-M1060 | 1 | 150600 | | |
| 2 | 117, പഞ്ചായത്ത് ലൈബ്രറിക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ | Acer Desk Top with windows 10professional intel core i3 | 1 | 40450 | സ്മാർട്ട് ടെക്നോളജീസ്, കടവന്ത്ര | 6(6) 28.09.2017 |
| | | A4 Brother Lase Jet Printer | 1 | 5200 | | |
| | | Cannon scanner Lide 110 | 1 | 3000 | | |
| 3 | 150, ചരിത്ര ലൈബ്രറിക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ | Acer Desk Top with windows 10professional intel core i5 | 1 | 52750 | സ്മാർട്ട് ടെക്നോളജീസ്, കടവന്ത്ര | 6(7) 28.09.2017 |
| | | Cannon Laser Jet Duplex Printer | 1 | 13500 | | |
| 4 | 149,കൃഷി ഓഫീസിലേക്ക് ലൈബ്രറിക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ | Acer Desk Top with windows 10professional intel core i3 | 1 | 40450 | സ്മാർട്ട് ടെക്നോളജീസ്, കടവന്ത്ര | 6(8) 28.09.2017 |
| | | A4 Brother Lase Jet Printer | 1 | 5200 | | |
| | | Cannon scanner Lide 110 | 1 | 3000 | | |
| 5 | 36 പട്ടിക ജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ് വിതരണം | Asus Lap Top ES 1572 | 19 | 569050 @29950/ each | പെരുമായൻ ട്രേഡ് ലിങ്ക്സ് അങ്കമാലി | 6(2)/ 28/09/2017 |
| 6 | 180, അസിസ്റ്റന്റ് എഞ്ചിനീയറുടെ ഓഫീസിലേക്ക് | Cannon scanner with | 1 | 16990 | ഐഡിയ നെറ്റ് അങ്കമാലി | 3(1) 29.12.17 |

| | | | | | | |
|---|---|---|---|---|---|---|
| | സ്കാനർ വിത്ത് ഡ്യൂപ്ലക്സ് പ്രിന്റർ | Laser Jet Duplex Printer | | | | |

മേൽ പ്രകാരമുള്ള വാങ്ങലുകളിൽ വന്ന അപാകതകൾ താഴെ ചേർക്കുന്നു.

1. കേരള സ്റ്റോർ പർച്ചേസ് മാന്വൽ ഖ.6.1 പ്രകാരം വാർഷിക ആവശ്യകതാ നിർണ്ണയം നടത്തുമ്പോൾ ഒരു വർഷത്തേക്കുള്ള ആവശ്യകത കഴിയുന്നത്ര മുൻകൂട്ടി കാണേണ്ടതാണ്. ഓരോ സാമ്പത്തിക വർഷത്തിന്റേയും അവസാനം അടുത്ത സാമ്പത്തിക വർഷത്തേക്ക് ആവശ്യമായ സാധനങ്ങളുടെ പട്ടിക തയ്യാറാക്കേണ്ടതാണ്. 2010 ലെ പ്രൊക്യൂർമെൻറ് മാർഗ്ഗരേഖ ഭാഗം(സി)സമാഹാരണ പദ്ധതികളിലും മത്സരാധിഷ്ഠിത നിരക്കുകൾ താരതമ്യം ചെയ്ത് വാർഷിക പദ്ധതിക്ക് പരമാവധി നേട്ടമുണ്ടാകുന്ന തരത്തിൽ വാങ്ങൽ നടത്തണമെന്ന് നിർദ്ദേശമുണ്ട്. മേൽ നിർദ്ദേശങ്ങൾ പാലിച്ചുവെങ്കിൽ ഒറ്റ ടെണ്ടറിൽ തന്നെ 2017-18 വർഷത്തേക്ക് വിവിധ സ്ഥാപനങ്ങൾക്ക് ആവശ്യമായ കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ നടത്താമായിരുന്നു. അപ്പോൾ ഓരോ വാങ്ങലുകൾക്കും പ്രത്യേകമായി നടത്തിയ ടെണ്ടർ നടപടിക്രമങ്ങൾക്ക് ആവശ്യമായി വന്ന അധികച്ചെലവും സമയനഷ്ടവും ഒഴിവാക്കാമായിരുന്നു.

2. 10/5/2017 ൽ നടത്തിയ വികസനസെമിനാറിൽ അവതരിപ്പിച്ച കരട് പദ്ധതി നിർദ്ദേശങ്ങളിൽത്തന്നെ ഉൾപ്പെട്ട പദ്ധതികളാണിത്. 16/05/2017 ലെ 1(3) തീരുമാനപ്രകാരം മേൽ നിർദ്ദശങ്ങൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്. 15/09/2017 ലെ എ3/4220/17 നമ്പർ ടെണ്ടർ നോട്ടീസിൽ ഓരോ പദ്ധതിക്കും പ്രത്യേകം ടെണ്ടർ സമർപ്പിക്കാനാണ് നിർദ്ദേശിച്ചിരിക്കുന്നത്. ഒരു പദ്ധതിയുടെ കാര്യത്തിലൊഴികെ ലഭിച്ച ടെണ്ടറുകളിൽ തീരുമാനമെടുത്തിരിക്കുന്നത് 28/09/2017 ലെ കമ്മിറ്റി യോഗത്തിലാണ്. അതിനാൽ വ്യത്യസ്ത കാലയളവിലല്ല വാങ്ങലുകൾ നടത്തിയിട്ടുള്ളതെന്ന് കാണാവുന്നതാണ്.

3. പഞ്ചായത്ത് ലൈബ്രറിക്കും ചരിത്ര ലൈബ്രറിക്കും വ്യത്യസ്ത സ്പെസിഫിക്കേഷനിലുള്ള കമ്പ്യൂട്ടറും പ്രിന്ററുമാണ് വാങ്ങിയിട്ടുള്ളത്. ഇക്കാരണത്താൽ 17600/- രൂപയുടെ (66250-48650) അധികച്ചെലവ് ഉണ്ടായിട്ടുണ്ട്. ഇത്തരം ഉയർന്ന സ്പെസിഫിക്കേഷനിലുള്ള കമ്പ്യൂട്ടർ വാങ്ങേണ്ടതിന്റെ ആവശ്യകതയും വ്യക്തമാക്കിയിട്ടില്ല.

4.ടെണ്ടർ നടപടിക്രമങ്ങൾ ഒട്ടും സുതാര്യമല്ല. ഒരേ സ്ഥാപനം തന്നെ രണ്ട് വ്യത്യസ്ത ടെണ്ടറുകൾ നൽകുകയും ഒന്നിൽ കുറവു തുക രേഖപ്പെടുത്തുകയുമാണ് ചെയ്തിരിക്കുന്നത്. സ്മാർട്ട് ടെക്നോളജീസ് എന്ന സ്ഥാപനത്തിന് ടെണ്ടർ ഉറപ്പിച്ചു നൽകിയതിൽ രണ്ടാമതായി ടെണ്ടർ സമർപ്പിച്ചിരിക്കുന്ന ബി.സി.സി കമ്പ്യൂട്ടേഴ്സ് എന്ന സ്ഥാപനത്തിന്റെ വ്യക്തമായ അഡ്രസ് രേഖപ്പെടുത്തിയിട്ടില്ല. ഇങ്ങനെയൊരു സ്ഥാപനം നിലവിലുണ്ടോയെന്നതിലും വ്യക്തതയില്ല.

5.സർക്കുലർ നം. 86/2010/ഫിൻ തിയതി 24-9-2010 പ്രകാരം കമ്പ്യൂട്ടർ ഹാർഡ് വെയർ, സോഫ്റ്റ് വെയർ എന്നിവയ്ക്ക് നിശ്ചിത മാതൃകയിൽ പ്രത്യേകം സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണെന്ന് സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. നിശ്ചിത മാതൃകയിൽ കമ്പ്യൂട്ടറുകൾ, അനുബന്ധഉപകരണങ്ങൾ എന്നിവയ്ക്ക് പ്രത്യേകം സ്റ്റോക്ക് രജിസ്റ്റർ ഉണ്ടാക്കേണ്ടതും വാറന്റി പീരിഡ് അടക്കമുള്ള എല്ലാ വിവരങ്ങളും ഉൾപ്പെടുത്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതുമാണ്.

6. പദ്ധതി രൂപീകരണ, നിർവ്വഹണ പ്രവൃത്തികളിൽ നിർണ്ണായക പങ്കുവഹിക്കുന്ന വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, പഞ്ചായത്ത് പ്രൊക്യൂർമെന്റ് കമ്മിറ്റി എന്നീ സമിതികളുടെ യോഗങ്ങൾ മേൽവിഷയം സംബന്ധിച്ച് ചർച്ച ചെയ്യുകയോ തീരുമാനം എടുക്കുകയോ ചെയ്തിട്ടില്ല.

ഭാവിയിൽ ഇത്തരം അപാകതകൾ ഉണ്ടാകാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-4 <u>പദ്ധതികളുടെ മുഴുവൻ ആനുകൂല്യവും ഗുണഭോക്താക്കൾക്ക് നൽകുന്നില്ല.</u>

സർക്കാർ വിഭാവനം ചെയ്യുന്ന സബ്സിഡി/ധനസഹായം പൂർണ്ണമായ തോതിൽ നൽകാൻ പഞ്ചായത്തിന് സാധിച്ചിട്ടില്ല.കെ.എസ്.എ.ഡി മാനുവൽ വോള്യം 1.ഖണ്ഡിക 6.2 ലെ സാംപ്ളിംഗ് രീതി പ്രകാരം ഡയറി ഫാം

ഇൻസ്ട്രക്ടർ, ഐ.സി.ഡി.എസ് സൂപ്പർവൈസർ എന്നിവർ നടപ്പിലാക്കിയ രണ്ട് പ്രൊജക്ടുകൾ പരിശോധിച്ചിരുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1.പ്രൊജക്ട് : ക്ഷീര കർഷകർക്ക് സബ്സിഡി.

പ്രൊജക്ട് നം : എസ്.ഒ 25/18

ചെലവഴിച്ച തുക : 4,00,000 രൂപ ( 3,00,000 – വികസന ഫണ്ട്, 1,00,000 – ബ്ളോക്ക് വിഹിതം ).

ദേവഗിരി ക്ഷീരസംഘം, കിടങ്ങൂർ ക്ഷീരസംഘം, ആനപ്പാറ ക്ഷീരസംഘം, ഉറവൂർ ക്ഷീരസംഘം എന്നീ 4 ക്ഷീരസംഘങ്ങളിലെ 128 ക്ഷീരകർഷകർക്കാണ് സബ്സിഡി നൽകിയിരിക്കുന്നത്. 2017 ഒക്ടോബർ മാസം വരെ ലഭിച്ച 1,33,371 ലിറ്റർ പാലിന് 4,00,000/- രൂപ സബ്സിഡിയായി ലിറ്ററിന് 3/- രൂപ എന്ന കണക്കിൽ നൽകിയിരിക്കുന്നു. നവംബർ മുതൽ മാർച്ച് വരെ ലഭ്യമാകുന്ന പാലിന്റെ സബ്സിഡി ക്ഷീരകർഷകർക്ക് ലഭിക്കുന്നില്ല. പഞ്ചായത്ത് തയ്യാറാക്കിയ സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം പഞ്ചായത്തിലെ 6 ക്ഷീരസംഘങ്ങളിലായി ആകെ 135 ക്ഷീരകർഷകരുണ്ടെന്നും വാർഷിക ഉത്പാദനം 3,54,600 ലിറ്ററാണെന്നും രേഖപ്പെടുത്തിയിട്ടുണ്ട്. 10,63,800/- രൂപ ഈ ഇനത്തിൽ ബജറ്റിൽ വക കൊള്ളിച്ചാൽ മാത്രമേ മുഴുവൻ ക്ഷീര കർഷകർക്കും സബ്സിഡി നൽകാൻ സാധിക്കൂ എന്ന് വ്യക്തമാണ്. എന്നിട്ടും 4,00,000/- രൂപ മാത്രമാണ് വകയിരുത്തിയിരിക്കുന്നത്. 7 മാസത്തെ പാൽലഭ്യതയെ ആധാരമാക്കി ഒരു വർഷത്തെ കണക്കാക്കിയാൽ ഏതാണ്ട് 1.75 രൂപയാണ് ഒരു കർഷകന് ശരാശരി ലഭിക്കുന്നത്. സബ്സിഡി തുക അപര്യാപ്തമാണെന്നുള്ള വിവരം നിർവ്വഹണ ഉദ്യോഗസ്ഥൻ പഞ്ചായത്തിനെ അറിയിച്ചതായി യാതൊരു രേഖയും കാണുന്നില്ല. മാത്രമല്ല 2017-18 പദ്ധതിയുമായി ബന്ധപ്പെട്ട് വിളിച്ച് ചേർത്ത വർക്കിംഗ് ഗ്രൂപ്പുകളിൽ നിർവ്വഹണ ഉദ്യോഗസ്ഥൻ പങ്കെടുത്തായി യാതൊരു രേഖയുമില്ല.
മൃഗസംരക്ഷണവും ക്ഷീര വികസനവും എന്ന വർക്കിംഗ് ഗ്രൂപ്പാണ് പ്രസ്തുത പദ്ധതി മോണിട്ടർ ചെയ്യേണ്ടത്. മേൽ വർക്കിംഗ് ഗ്രൂപ്പ് ഇത്തരത്തിലുള്ള മോണിറ്ററിംഗ് നടത്തിയതായി കാണുന്നില്ല. നിർവ്വഹണ കലണ്ടറിൽ ഗുണഭോക്താക്കളുടെ എണ്ണം 250 എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. മാത്രമല്ല ബ്ളോക്ക് പഞ്ചായത്ത് വിഹിതവും കൂടി ചേർത്ത് നിർവ്വഹണ കലണ്ടർ ഭേദഗതി ചെയ്യുമെന്ന് രേഖപ്പെടുത്തിയതായി കണ്ടു എങ്കിലും ഭേദഗതി ചെയ്ത നിർവ്വഹണ കലണ്ടർ പരിശോധനയ്ക്കായി ഹാജരാക്കിയില്ല.
8 പഞ്ചായത്തുകളിലെ നിർവ്വഹണ ഉദ്യോഗസ്ഥനായത് കൊണ്ടും ഡിപ്പാർട്ട്മെന്റിന്റെ പല ചുമതലകളും കൂടി വഹിക്കേണ്ടി വന്നതിനാലും സബിസിഡി തുക നിശ്ചയിച്ച യോഗങ്ങളിൽ പങ്കെടുക്കാൻ സാധിച്ചില്ല എന്ന നിർവഹണ ഉദ്യോഗസ്ഥന്റെ മറുപടി നിരുത്തരവാദപരമാണ്. പദ്ധതിയുടെ തുക അപര്യാപ്തമാണെന്ന് വാക്കാൽ അഭ്യർത്ഥിച്ചു എന്നും ഫണ്ടിന്റെ അപര്യാപ്തത കാരണം കാര്യമായ വർദ്ധനവ് വരുത്താൻ കഴിയില്ല എന്ന് പഞ്ചായത്ത് അറിച്ചതായും ഡയറി ഫാം ഇൻസ്ട്രക്ടർ മറുപടി നൽകിയിട്ടുണ്ട്.

2. പ്രൊജക്ട് : ഭിന്നശേഷിയുള്ള കുട്ടികൾക്ക് സ്കോളർഷിപ്പ്.

പ്രൊജക്ട് നം : എസ്.ഒ 15/18

ചെലവഴിച്ച തുക : 6,00,000 രൂപ ( 3,00,000 – വികസന ഫണ്ട്, 1,50,000 – ബ്ളോക്ക് വിഹിതം, 1,50,000 – ജില്ലാ പഞ്ചായത്ത് വിഹിതം).

ഓഡിറ്റ് വർഷം 19 ശാരീരിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കും 43 മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്കും അടക്കം 62 കുട്ടികൾക്കാണ് സ്കോളർഷിപ്പ് വിതരണം ചെയ്തത്. പ്രതിമാസ സ്കോളർഷിപ്പ് 1000/- രൂപയും പ്രതിമാസ യാത്രാബത്ത 1000/- രൂപയും വസ്ത്രങ്ങൾക്കുള്ള ബത്ത, വിദ്യാഭ്യാസ സാമഗ്രികൾക്കുള്ള ബത്ത എന്നീ ഇനങ്ങളിലെ വാർഷിക ബത്തകളായ യഥാക്രമം 1500/-രൂപ, 2000/-രൂപ എന്നിവയടക്കം 27,500/- രൂപയാണ് ഒരു മാനസിക വെല്ലുവിളി നേരിടുന്ന കുട്ടിക്ക് യഥാർത്ഥത്തിൽ ലഭിക്കേണ്ടത്. എന്നാൽ 11,052/- രൂപയാണ് 2017-18 സാമ്പത്തിക വർഷം ഒരു കുട്ടിക്ക് ലഭിച്ചതായി കാണുന്നത്. ലഭിക്കേണ്ടിയിരുന്നതിന്റെ 40 ശതമാനം മാത്രമാണ് ലഭിച്ചത്. ശാരീരിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്കും ഇത്തരത്തിൽ ലഭിക്കേണ്ടിയിരുന്നതിന്റെ 40 ശതമാനം മാത്രമാണ് ലഭിച്ചതായി കാണുന്നത്. മുഴുവൻ തുകയും

ലഭ്യമാക്കാൻ പര്യാപ്തമായ തുക ബജറ്റിലും പ്രൊജക്ട് തയ്യാറാക്കുന്ന വേളയിലും വക കൊള്ളിക്കുന്നില്ല എന്ന് കാണുന്നു. നിലവിലുള്ള കുട്ടികളുടെ എണ്ണം കണക്കിലെടുത്താൽ ഏകദേശം 15 ലക്ഷം രൂപയെങ്കിലും സ്കോളർഷിപ്പിനായി പഞ്ചായത്തിനാവശ്യമായി വരുന്നുണ്ട്. 16.12.2017 ലെ സാമൂഹ്യനീതി വർക്കിംഗ് ഗ്രൂപ്പിൽ പഞ്ചായത്ത് വിഹിതം 3,00,000/- എന്നത് 3,50,000/- ആക്കി വർദ്ധിപ്പിക്കാൻ ആവശ്യപ്പെട്ടത് ഈ ഇനത്തിലെ യഥാർത്ഥ ചെലവിനെപ്പറ്റി വർക്കിംഗ് ഗ്രൂപ്പിന് ധാരണയില്ല എന്നത് വ്യക്തമാക്കുന്നു. കൂടാതെ ഒരു വർഷം ഈ ഇനത്തിൽ എത്ര രൂപ യഥാർത്ഥത്തിൽ ചെലവ് വരുമെന്ന് ഔദ്യോഗികമായി ഏതെങ്കിലും യോഗത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥ അവതരിപ്പിച്ചതായും കാണുന്നില്ല. കൂടുതൽ തുക ഈ ഇനത്തിൽ വകയിരുത്തണമെന്ന് പല തവണ സ്റ്റാൻഡിംഗ് കമ്മിറ്റി, ജനറൽ കമ്മിറ്റി, നിർവഹണ ഉദ്യോഗസ്ഥരുടെ മീറ്റിംഗ് എന്നിവടങ്ങളിൽ പല തവണ ആവശ്യപ്പെട്ടതായി നിർവഹണ ഉദ്യോഗസ്ഥ മറുപടി നൽകിയിട്ടുണ്ട്.

21 അങ്കണവാടികളിൽ 6 എണ്ണം ഇപ്പോഴും വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്നതായി കാണുന്നു. ഒരു അങ്കണവാടിയിൽ ഇപ്പോഴും വൈദ്യുതി സൗകര്യം ലഭ്യമായതായും കാണുന്നില്ല. ഒന്നാം വാർഡിൽ വർഷങ്ങൾക്ക് മുൻപ് പണി കഴിപ്പിച്ച ഒരു അങ്കണവാടി വൈദ്യുതി സൗകര്യം ഇല്ലാത്തതിനാലും കുടിവെള്ള സൗകര്യം ഇല്ലാത്തതിനാലും ഇതുവരെ പ്രവർത്തന സജ്ജമായില്ല എന്നും കാണുന്നു.

അങ്കണവാടി ജീവനക്കാരുടെ വർദ്ധിപ്പിച്ച വേതനം എന്ന സ്പിൽ ഓവർ പ്രൊജക്ടിൽ (നം.126/17-18) ചെലവ് സ്റ്റേറ്റ്മെന്റ് പ്രകാരം 45,633/- രൂപ ചെലവഴിച്ചതായാണ് പഞ്ചായത്ത് ഹാജരാക്കിയ എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം കാണുന്നത്. എന്നാൽ സൂപ്പർ വൈസർ ഹാജരാക്കിയ രേഖകൾ പ്രകാരം 52,962/- രൂപ ചെലവഴിച്ചതായി കാണുന്നു. മേൽ അപാകതക്ക് പഞ്ചായത്ത് മറുപടി നൽകിയിട്ടില്ല.

മുകളിൽ സൂചിപ്പിച്ച പദ്ധതികളുടെ നിർവ്വഹണ രീതി പരിശോധിച്ചതിൽ നിന്നും ഓഡിറ്റ് എത്തിച്ചേർന്നിട്ടുള്ള നിഗമനങ്ങൾ ചുവടെ ചേർക്കുന്നു.

1.ഒരു വർഷം പ്രസ്തുത പദ്ധതികൾക്ക് ഏകദേശം എത്ര രൂപ ചെലവ് വരുമെന്ന് നിർവ്വഹണ ഉദ്യോഗസ്ഥർ കണക്കാക്കുകയോ ഔദ്യോഗികമായി രേഖാമൂലം പഞ്ചായത്തിനെ അറിയിക്കുകയോ ചെയ്യുന്നില്ല.

2.മുൻ വർഷം പദ്ധതിയുടെ നിർവ്വഹണവും ആയതിന്റെ തുക പര്യാപ്തമായിരുന്നോ എന്നുള്ളതും വർക്കിംഗ് ഗ്രൂപ്പ്, ബന്ധപ്പെട്ട സ്റ്റാൻഡിംഗ് കമ്മിറ്റി എന്നിവ പരിഗണിക്കുന്നതേയില്ല.

3. നിർവ്വഹണ ഉദ്യോഗസ്ഥരുടെ അഭിപ്രായങ്ങൾ വിവിധ മീറ്റിംഗുകളിലെ മിനിട്സിൽ ചേർക്കുന്നില്ല.

4.വർക്കിംഗ് ഗ്രൂപ്പുകളിൽ നിർവ്വഹണ ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യമുറപ്പിക്കാൻ ബന്ധപ്പെട്ട സ്റ്റാൻഡിംഗ് കമ്മിറ്റി ശ്രമിക്കുന്നില്ല.(ഒഴിച്ചുകൂടാനാകാത്ത സാഹചര്യത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥന്റെ പ്രതിനിധിയെ പങ്കെടുപ്പിക്കുക, വർക്കിഗ് ഗ്രൂപ്പുകൾ നിർവ്വഹണ ഉദ്യോഗസ്ഥന്റെ ഔദ്യോഗിക തിരക്ക് കൂടി പരിഗണിച്ച് തീരുമാനിക്കുക).

5.പദ്ധതികളുടെ മോണിറ്ററിംഗ്, നിർവ്വഹണ കലണ്ടറിന്റെ പാലനം എന്നിവ വർക്കിംഗ് ഗ്രൂപ്പ്, സ്റ്റാൻഡിംഗ് കമ്മിറ്റി എന്നിവ നിരീക്ഷിക്കുന്നില്ല.

6.വൈദ്യുതി, കുടിവെള്ളം എന്നീ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കാനുള്ള അടിയന്തിര ഇടപെടലുകൾ പഞ്ചായത്ത് ഭരണസമിതിയുടെ ഭാഗത്ത് നിന്നും ഉണ്ടാകുന്നില്ല.

മേൽ വിഷയങ്ങൾ പഞ്ചായത്ത് ഭരണസമിതിയുടെയും സ്റ്റാൻഡിംഗ് കമ്മിറ്റികളുടെയും ശ്രദ്ധയിൽപ്പെടുത്തുന്നു. മുകളിൽ സൂചിപ്പിച്ചിരിക്കുന്ന വിഷയങ്ങളിൽ പഞ്ചായത്ത് സ്വീകരിച്ച നടപടികളും അങ്കണവാടി ജീവനക്കാരുടെ വേതനത്തിലെ അപാകത സംബന്ധിച്ചും വ്യക്തമായ മറുപടി ഹാജരാക്കേണ്ടതാണ്.

## 3-5 വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല- ചെലവുതുക തടസ്സപ്പെടുത്തുന്നു

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ചതിന്റെ വിശദാംശങ്ങൾ ഉൾപ്പെടുന്ന വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ/ ചെക്ക് നമ്പർ നം, തീയതി | മുൻകൂർ നൽകിയ തുക |
|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | പ്രോജക്ട് നം.166/18 കുടിവെള്ളപൈപ്പ് | 30/17-18 08.02.18 | 440000 |

| | | | |
|---|---|---|---|
| | വിപുലീകരണം<br>വാർഡ് 11, 6 | | |
| കേരള വാട്ടർ അതോറിറ്റി | പ്രോജക്ട് നം.69/18 കുടിവെള്ളപ്പൈപ്പ് വിപുലീകരണം | 16/17-18<br>12.10.17 | 445000 |
| കെ.എസ്. ഇ.ബി. | പ്രോജക്ട് നം 28/18 വിവിധ വാർഡുകളിലെ വൈദ്യുതി പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 49/17-18<br>22.03.18 | 172229 |
| | ആകെ | | 10,57,229 |

പ്രവൃത്തി പൂർത്തീകരിച്ച് വിനിയോഗസാക്ഷ്യപത്രം ഹാജരാക്കുന്നതുവരെ മുൻകൂർ നൽകുന്നതിന് ചെലവഴിച്ച തുകയായ 10,57,229/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| ക്രമ നം. | വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ വിവരം | ചെലവ് | നീക്കി യിരിപ്പ് |
|---|---|---|---|---|---|---|
| 1 | ജില്ലാ പഞ്ചായത്ത് | 2017-18 | 150000 | ഭിന്നശേഷിക്കാരായ കുട്ടികൾക്ക് സ്കോളർഷിപ്പ് | 150000 | |
| 2 | ജില്ലാ പഞ്ചായത്ത് | 2017-18 | 3500000 | ലൈഫ് മിഷൻ ഭവന പദ്ധതി (2018-19) | 0 | 3500000 |
| 3 | ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 150000 | ഭിന്നശേഷിക്കാരായ കുട്ടികൾക്ക് സ്കോളർഷിപ്പ് | 150000 | 0 |
| 4 | ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 100000 | ക്ഷീരോൽപാദകർക്ക് സബ്സിഡി | 100000 | 0 |
| 5 | ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 500000 | ഗാർഹിക ബയോഗ്യാസ് പ്ലാന്റ് | 140000 | 360000 |
| 6 | ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 1182150 | ലൈഫ് മിഷൻ ഭവനപദ്ധതി | 0 | 1182150 |

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | പ്രോജക്ട് നം.166/18 കുടിവെള്ളപ്പൈപ്പ് വിപുലീകരണം വാർഡ് 11,6 | അക്കൗണ്ട് ട്രാൻസ്ഫർ | 440000 | 0 | 440000 |
| കേരള വാട്ടർ അതോറിറ്റി | പ്രോജക്ട് നം.69/18 കുടിവെള്ളപ്പൈപ്പ് വിപുലീകരണം | അക്കൗണ്ട് ട്രാൻസ്ഫർ | 445000 | 0 | 445000 |

| | | | | | |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി. | പ്രോജക്ട് നം78/18 വിവിധ വാർഡുകളിലെ വൈദ്യുതി പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | അക്കൗണ്ട് ട്രാൻസ്ഫർ | 172229 | 0 | 172229 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

| പ്രോജക്ട് നം | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | അഡ്വാൻസ് തുക | കൺവീനറുടെ പേര് | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ഇല്ല | | | | | |

.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല. 2017-18 വർഷം വായ്പ തിരിച്ചടച്ചതിന്റെയും, വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ /തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| 1 | ഇ.എം.എസ്. ലോൺ | സ.ഉ.(സാ)നം 480/2010 /തസ്വഭവ തീയതി 11.02.10 | 10095000 | 1646431 | 902800 | 0 | 743631 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 0 |
| തൻവർഷം നിക്ഷേപിച്ച തുക | 50,00,000 |
| പലിശ ലഭിച്ചത് | 3,08,456 |
| ആകെ | 53,08,456 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപം | 53,08,456 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | ബാങ്ക് | നിക്ഷേപിച്ച തീയതി | കാലയളവ് | തുക | റിമാർക്സ് |
|---|---|---|---|---|---|
| 1 | ഊറവൂർ സർവ്വീസ് സഹകരണബാങ്ക് | 04.05.2017 | 9 മാസം | 53,08,456 | |

## 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷത്തിൽ ലഭിച്ച 9050/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേര് | രശീത് നമ്പർ തീയതി |
|---|---|---|---|---|
| 2016-17 | 2-2 | 4050 | പോസ്റ്റ് മാസ്റ്റർ ആലുവ | 117010103464 തീയതി 18.12.17 |
| 2016-17 | 2-2 | 2500 | ഇ.ഇ. കെ.എസ്.ഇ.ബി, ആലുവ | 117010500057 തീയതി 19.12.17 |
| 2016-17 | 2-2 | 2500 | സെക്രട്ടറി, ഉറവൂർ സർവ്വീസ് സഹകരണബാങ്ക് | 117010103622 തീയതി 19.12.17 |
| ആകെ | | 9050 | | |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഇല്ല

## 4-8 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

(എ) ചാർജ്ജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി) സർചാർജ്ജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ). സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 6,55,01,256 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 7,54,66,974 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ളനഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 10,57,229 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| | നഷ്ടമായ തുക | | |
|---|---|---|---|
| ഖണ്ഡിക നമ്പർ | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
| ഇല്ല | | | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|

| | | |
|---|---|---|
| 3-5 | 4,45,000 | ശ്രീമതി. മാലതി.കെ.വി, സെക്രട്ടറി |
| | 6,12,229 | ശ്രീ. മുഹമ്മദ് സിറാജ് പി.എ, സെക്രട്ടറി |

**(സി)** കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക |
|---|---|
| ഇല്ല | |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.മാലതി.കെ.വി. സെക്രട്ടറി | പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം | തെക്കേകൊണ്ടാട്ടിൽ വീട്, ബി.ടി.എസ്. റോഡ്, ഇടപ്പള്ളി, എറണാകുളം. |
| ശ്രീ. മുഹമ്മദ് സിറാജ് പി.എ, സെക്രട്ടറി | സെക്രട്ടറി, ഉറവൂർ ഗ്രാമപഞ്ചായത്ത് | പാറാലി വീട്, മുട്ടം, തായിക്കാട്ടുകര പി.ഒ, ആലുവ |

.

# 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1978-79 | എൽ.എഫ്.ഇ(പി-5)1327/1989/തീയതി 19/9/1989 |
| 1979-80 | എൽ.എഫ്.ഇ(പി-5)1327/1989/തീയതി 19/9/1989 |
| 1980-81 | എൽ.എഫ്.ഇ(പി-5)1327/1989/തീയതി 19/9/1989 |
| 1981-82 | എൽ.എഫ്.ഇ(പി-5)1327/1989/തീയതി 19/9/1989 |
| 1982-83 | എൽ.എഫ്.ഇ(പി-5)1327/1989/തീയതി 19/9/1989 |
| 1983-84 | എൽ.എഫ്.ഇ(പി-5)1327/1989/തീയതി 19/9/1989 |
| 1984-85 | എൽ.എഫ്.ഇ(പി-5)1327/1989/തീയതി 19/9/1989 |
| 1985-86 | എൽ.എഫ്.ഇ(പി-5)1327/1989/തീയ്യതി 19/9/1989 |
| 1986-87 | എൽ.എഫ്.ഇ(പി-5)1327/1989/തീയതി 19/9/1989 |
| 1987-88 | എൽ.എഫ്.ഇ(പി-5)178/1992/തീയതി 14/1/1992 |
| 1988-89 | എൽ.എഫ്.ഇ(പി-5)2757/1992/തീയതി 5/2/1994 |
| 1989-90 | എൽ.എഫ്.ഇ(പി-5)1114/1993/തീയതി 4/1/1994 |
| 1990-91 | എൽ.എഫ്.ഇ(പി-5)1114/1993/തീയതി 4/1/1994 |
| 1992-93 | എൽ.എഫ്.ഇ(പി-5)695/1995/തീയതി 16/2/1998 |
| 1993-94 | എൽ.എഫ്.ഇ(പി-5)695/1995/തീയതി 16/2/1998 |
| 1996-97 | എൽ.എഫ്.ഇ(പി-4)720/2008/തീയതി 3/3/1999 |
| 1997-98 | എൽ.എഫ്.ഇ(പി-4)1220/2001/തീയതി 15/5/2002 |
| 1998-99 | എൽ.എഫ്.ഇ(പി-4)384/03/തീയതി 21/8/2003 |
| 1999-2000 | എൽ.എഫ്.ഇ(പി-4)1673/03/തീയതി 1/7/2004 |
| 2000-01 | എൽ.എഫ്.ഇ(പി-4)1297/04/തീയതി 18/4/2005 |

| | |
|---|---|
| 2001-02വരവ് | എൽ.എഫ്.ഇ(പി-4)1298/04/തീയതി 11/4/2005 |
| 2001-02 പദ്ധതിചെലവ് | എൽ.എഫ്.ഇ(പി-4)502/04/തീയതി 4/6/2004 |
| 2002-03 | എൽ.എഫ്.ഇ(പി-4)1299/04/തീയതി 11/4/2005 |
| 2003-04 | എൽ.എഫ്.ഇ(പി-4)1675/08/തീയതി 30/5/2009 |
| 2004-05 | എൽ.എഫ്.ഇ(പി-4)201/07/തീയതി 13/3/2007 |
| 2006-07 | എൽ.എഫ്.ഇ(പി-4)1676/08/തീയതി 30/5/2009 |
| 2007-08 | എൽ.എഫ്.ഇ(പി-4)1078/09/തീയതി 24/11/2009 |
| 2008-09 | എൽ.എഫ്.ഇ(പി-4)842/12/തീയതി 19/7/2012 |
| 2009-10 | എൽ.എഫ്.ഇ(പി-4)843/12/തീയതി 19/7/2012 |
| 2010-11 | എൽ.എഫ്.ഇ(പി-4)844/12/തീയതി 19/7/2012 |
| 2011-12 &2012-13 | എൽ.എഫ്.ഇ(പി-4)1012/14/തീയതി 27/8/2014 |
| 2013-14& 2014-15 | കെ.എസ്.എ-ഇ.കെ.എം(പി.4എ)13/2016തീയതി.21/1/2016 |
| 2015-16 | കെ.എസ്.എ-ഇ.കെ.എം(പി.4)2144/2016തീയതി.08/02/2016 |
| 2016-17 | കെ.എസ്.എ-ഇ.കെ.എം(പി.4)1246/2017തീയതി.21/07/2017 |

.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
എറണാകുളം ജില്ലാ ഓഡിറ്റ് കാര്യാലയം

.

## അനുബന്ധം -1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ.എസ്.എ.ഇ.കെ.എം.(പി4)2043/2018

കേരളസംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,
എറണാകുളം. 0484 2422271,
lfadekm@gmail.com
തീയതി:02/11/2018

ഓഡിറ്റ് സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6), 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ. ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും ഉറവൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധി കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

ഡെപ്യൂട്ടി ഡയറക്ടർ

2017-18സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ.

1. വസ്തുനികുതി സംബന്ധിച്ച വാർഷിക ധനകാര്യപത്രികയിലെ കണക്കുകൾ സഞ്ചയ പ്രകാരമുള്ള കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

2. ഭൂമിയുൾപ്പെടെയുള്ള ആസ്തികൾ പൂർണ്ണമായി അക്കൗണ്ട് ചെയ്ത് ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തി വാർഷികക്കണക്കുമായി പൊരുത്തപ്പെടുത്തിയിട്ടില്ല.

ഡെപ്യൂട്ടി ഡയറക്ടർ